പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## പതിന്നാലാമത് റിപ്പോർട്ട്

(2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ 5-ാമത് റിപ്പോർട്ടിലെ 128-ാം ഖണ്ഡികയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിക്ക് സമർപ്പിച്ച പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സമിതി തയ്യാറാക്കിയ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## പതിന്നാലാമത് റിപ്പോർട്ട്

(2012 ഡിസംബർ മാസം 18–ാം തീയതി സഭയിൽ സമർപ്പിച്ചത്)

## തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004–2006)-യുടെ 5–ാമത് റിപ്പോർട്ടിലെ 128–ാം ഖണ്ഡികയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിക്ക് സമർപ്പിച്ച പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സമിതി തയ്യാറാക്കിയ റിപ്പോർട്ട്]

50/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 51 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദ്ദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതി (2011-2014)-യുടെ പതിന്നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ 5-ാമത് റിപ്പോർട്ടിലെ 128-ാം ഖണ്ഡികയിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിക്ക് സമർപ്പിച്ച പ്രത്യേക ഓഡിറ്റ് റിപ്പോർട്ടിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ സമിതി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 സെപ്റ്റംബർ മാസം 11-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2012 ഡിസംബർ 18.

# റിപ്പോർട്ട്

## തിരുവനന്തപുരം കോർപ്പറേഷനെ സംബന്ധിച്ച്

ഓഡിറ്റ് ഖണ്ഡിക

**റോഡ് റോളർ (ഡിപ്പാർട്ട്മെന്റ് വക) ഉപയോഗിച്ചതിന്റെ വാടക ഈടാക്കിയതിൽ കുറവ്—നഷ്ടം—1,61,850 രൂപ**

1997-98 മുതൽ 2001-02 വരെയുള്ള 9-ാം പദ്ധതി കാലയളവിൽ തിരുവനന്തപുരം നഗരസഭയിൽ കരാറുകാരൻ/കൺവീനർ വഴി നിർവ്വഹിച്ചിട്ടുള്ള വിവിധ മരാമത്തു വേലകൾക്ക് ഡിപ്പാർട്ട്മെന്റ് വക റോഡ് റോളർ നൽകിയതിന്റെ വാടക ഈടാക്കിയതിൽ കുറവ് വന്നതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. 1-11-1999 മുതൽ നിലവിൽവന്ന ഉത്തരവ് നമ്പർ സി.എം.യു./ടെക്/2185/93 വാല്യം-2 പ്രകാരം 30-10-1999 മുതൽ റോളറിന്റെ ദിവസവാടക 2,060 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ തിരുവനന്തപുരം നഗരസഭ 1-11-1999 മുതലുള്ള റോഡു പണികൾക്ക് 1,340 രൂപ നിരക്കിലാണ് റോളർ വാടക ഈടാക്കിയിട്ടുള്ളത്. പുതുക്കിയ നിരക്കിലുള്ള വാടക ഈടാക്കാതിരുന്നതുമൂലം 1,61,850 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ടി നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.1)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

1. "1999-ലെ (ആർറ്റി.) നമ്പർ 606/99/പി.ഡബ്ല്യു.ഡി. തീയതി 23-6-1999 പ്രകാരമുള്ള പുതുക്കിയ ഷെഡ്യൂൾ പ്രകാരം ഒരു ദിവസത്തെ റോഡ് റോളർ വാടക 1,340 രൂപയാണ്. ഈ നിരക്കനുസരിച്ചാണ് അടങ്കൽ തയ്യാറാക്കിയിട്ടുള്ളത്. ടി അടങ്കൽ നിരക്കനുസരിച്ച് ഉടമ്പടിവെച്ച പ്രവൃത്തിയായതിനാലാണ് കരാറുകാരനിൽ നിന്നും അടങ്കലിലെ നിരക്കായ 1,340 രൂപ വാടക കുറവ് ചെയ്തിട്ടുള്ളത്. അടങ്കലിൽ 2,060 രൂപ ഉൾപ്പെടുത്തിയാൽ ടി തുക ബില്ലിൽ നിന്നും ഈടാക്കാൻ കഴിയും. 1,340 രൂപ ഈടാക്കിയത്, 1,340 രൂപ അടങ്കലിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ്. 2,060 രൂപയ്ക്കു പകരം 1,340 രൂപയായാലും നഗരസഭയ്ക്ക് ആയതുമൂലം സാമ്പത്തിക നഷ്ടം വരുന്നതല്ല."

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് വിവിധ മരാമത്ത് പണികൾക്ക് കോർപ്പറേഷൻ വക റോഡ് റോളറാണ് കരാറുകാർ ഉപയോഗിക്കുന്നതെന്നും, ഇതിന്റെ വാടകയിനത്തിൽ വരുന്ന തുക കരാർ തുകയിൽ നിന്നും ഈടാക്കുന്നതിനാൽ കോർപ്പറേഷന് നഷ്ടം ഉണ്ടാകുന്നില്ലെന്നും, ആയത് ഒരു ബുക്ക് അഡ്ജസ്റ്റ്മെന്റാണെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

3. റോളറിന്റെ ദിവസ വാടകയായ 2,060 രൂപ നിർബന്ധമായും ഈടാക്കണമെന്ന് എവിടെയെങ്കിലും വ്യവസ്ഥയുണ്ടോയെന്നും ഈ സംഖ്യ എങ്ങനെയാണ് വന്നതെന്നു മുള്ള സമിതിയുടെ ചോദ്യത്തിന് 1-1-1999-ലെ സി.എം.യു/ടെക്/2185/93 വാല്യം-2 ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ച നിരക്കാണ് 2,060 രൂപയെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. അടങ്കലിൽ 2,060 രൂപ ആയിരുന്നെങ്കിൽ എസ്റ്റിമേറ്റ് അത് അനുസരിച്ച് കൂടുമായിരുന്നുവെന്നും, ആയത് പ്രകാരം റിക്കവറിയും വരുമായിരുന്നുവെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

4. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ റോഡ് റോളർ വാടക ഈടാക്കിയിട്ടുണ്ടോ യെന്നാണ് പരിശോധിക്കേണ്ടതെന്നും റോഡ് റോളറിന്റെ ദിവസ വാടകയായി 2,060 രൂപ എസ്റ്റിമേറ്റിൽ കാണിച്ച് 1,340 രൂപ നിരക്കിൽ വാടക ഈടാക്കിയിരുന്നുവെങ്കിൽ മാത്രമേ കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നുള്ളൂവെന്ന് സമിതി വിലയിരുത്തുകയും ചെയ്തു.

### നിഗമനങ്ങൾ/ശുപാർശകൾ

**5. റോഡ് റോളർ ഉപയോഗിച്ചതിന്റെ വാടക ഈടാക്കിയ ഇനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സാധാരണ മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് വേലയ്ക്ക് അധിക നിരക്ക് നൽകിയതു മൂലമുള്ള നഷ്ടം—8,60,394 രൂപ**

1997-98 മുതൽ 2001-02 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭയിലെ വിവിധ ഡിവിഷനുകളിലെ ചേരിപരിഷ്ക്കരണത്തോട് അനുബന്ധിച്ച് നടപ്പിലാക്കിയിട്ടുള്ള മരാമത്തു വേലകളിൽ കരാറുകാരന്റെ സ്വന്തം മണ്ണ് 5 കി.മീ. ചുറ്റളവിൽ നിന്നും ശേഖരിച്ച് കടത്തുകൂലി നൽകി ലോറിയിൽ കൊണ്ടുവന്ന് റോഡിന്റെ താഴ്ന്ന ഭാഗങ്ങൾ നിറച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം റോഡിന്റെ ഉപരിതലം നിരപ്പാക്കി ഉറപ്പിക്കുന്ന വേലയ്ക്ക് എല്ലാ ചെലവുകളുമുൾപ്പെടെ അനുവദനീയമായ നിരക്കിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു :

ഗുണഭോക്തൃസമിതി വഴി നിർവ്വഹിക്കുന്ന വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) അനുവദനീയമായത്—793.95 രൂപ/$10M^3$.

കരാറുകാരൻ നിർവ്വഹിക്കുന്ന വേലകൾക്ക് (1996-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) അനുവദനീയമായത്—873.34 രൂപ/$10M^3$.

സമിതി നിർവ്വഹിക്കുന്ന വേലകൾക്ക് (1996-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) അനുവദനീയമായത്—447.85 രൂപ/$10M^3$.

കരാറുകാരൻ നിർവ്വഹിക്കുന്ന വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) അനുവദനീയമായത്—492.63 രൂപ/$10M^3$.

50 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് കൺവീനർമാർക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) അനുവദനീയമായ നിരക്ക്—962.95 രൂപ/$10M^3$.

50 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം) കരാറുകാരന് അനുവദനീയമായത്—1059.24 രൂപ/$10M^3$.

100 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) കൺവീനർമാർക്ക് അനുവദനീയമായ നിരക്ക്—1064.95 രൂപ/$10M^3$.

100 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) കരാറുകാരന് അനുവദനീയമായ നിരക്ക്—1171.44 രൂപ/$10M^3$.

150 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) കൺവീനർമാർക്ക് അനുവദനീയമായ നിരക്ക്—1166.95 രൂപ/$10M^3$.

150 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് കരാറുകാരന് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) അനുവദനീയമായ നിരക്ക്—1283.64 രൂപ/$10M^3$.

200 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) കൺവീനർമാർക്ക് അനുവദനീയമായ നിരക്ക്—1268.95 രൂപ/$10M^3$.

200 മീറ്റർ വരെ തലച്ചുമട് അനുവദിച്ചിട്ടുള്ള വേലകൾക്ക് (1999-ലെ ഷെഡ്യൂൾ നിരക്ക്പ്രകാരം) കരാറുകാരന് അനുവദനീയമായ നിരക്ക്—1395.84 രൂപ/$10M^3$.

250 മീറ്റർ വരെ തലച്ചുമടിന് (1999-ലെ നിരക്ക് പ്രകാരം) കരാറുകാരന് അനുവദനീയമായത്—1508.04 രൂപ/$10M^3$.

എന്നാൽ തിരുവനന്തപുരം കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 1997-98 മുതൽ 2001-02 വരെ കാലയളവിൽ നടപ്പിലാക്കിയ സ്കീമുകളെ സംബന്ധിച്ച റിപ്പോർട്ടിലെ രണ്ടാം ഖണ്ഡികയിലെ ഉപഖണ്ഡിക 1 മുതൽ 13 വരെയുള്ള വേലകൾക്ക് അനുവദനീയമായതിൽ കൂടുതൽ തുക നൽകിയതുമൂലം നഗരസഭാ ഫണ്ടിനുണ്ടായ 8,60,394 രൂപയുടെ നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006 ഖണ്ഡിക നമ്പർ 2.2)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

6. "മണ്ണ് നിറയ്ക്കൽ വേലയ്ക്ക് നഗരാതിർത്തിക്കുള്ളിൽ മണ്ണ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഹാർഡ് സോയിലും, ഓർഡിനറി സോയിലും ചേർന്ന മണ്ണ് നഗരത്തിനോട് ചേർന്ന പ്രദേശത്ത് നിന്നും കൊണ്ടുവന്നാണ് പ്രവൃത്തി ചെയ്തിരുന്നത്. ആയതിനാൽ ഹാർഡ് സോയിലിന്റെയും, ഓർഡിനറി സോയിലിന്റെയും ശരാശരി നിരക്കാണ് നൽകിയിരുന്നത്. 2004 മുതൽ ഓർഡിനറി സോയിലിന്റെ നിരക്കാണ് നൽകിവരുന്നത്. മണ്ണ് ലഭ്യതയുടെ പ്രായോഗികത കണക്കിലെടുത്ത് ഹാർഡ് സോയിലിന്റെയും, ഓർഡിനറി സോയിലിന്റെയും ശരാശരി നിരക്കാണ് നൽകിയിരുന്നത്.

കൂടാതെ ലംപ്സം കോൺട്രാക്ട് ആയതിനാൽ ഓരോ ഐറ്റത്തിന്റെയും നിരക്കുകൾ പരിശോധിച്ച് ആകെയുള്ള നിരക്കാണ് കരാറുകാരൻ ക്വാട്ട് ചെയ്യുന്നത്. ഏതെങ്കിലും ഒരു ഐറ്റത്തിന് ഉണ്ടായിട്ടുള്ള നിരക്കിന്റെ വ്യത്യാസംമൂലം നഷ്ടം സംഭവിക്കുവാൻ സാദ്ധ്യതയില്ലായെന്നതാണ് വസ്തുത".

7. ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് റോഡ് ഫില്ലിംഗിനുവേണ്ടി മണ്ണ് സപ്ലൈ ചെയ്യുന്നതിന് എർത്ത് വർക്ക് കട്ടിംഗിന്റെ റേറ്റും കൺവേയൻസുമാണ് കൊടുക്കുന്നതെന്നും, എർത്ത് കട്ടിംഗിന് ഓർഡിനറി സോയിൽ കട്ട് ചെയ്യുന്ന ലേബർ മാത്രമേ ഉപയോഗിക്കാവൂവെങ്കിലും തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കകത്തുനിന്ന് മണ്ണ് ലഭ്യമാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ഹാർഡ് സോയിലും ഓർഡിനറി സോയിലും കട്ട് ചെയ്യുന്ന ലേബർ എടുത്ത് അതിന്റെ ശരാശരി റേറ്റാണ് കൊടുത്തിരുന്നതെന്ന് കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു. ഓഡിറ്റ് ഒബ്ജക്ഷൻ വന്നതിനുശേഷം ഓർഡിനറി സോയിലിന്റെ റേറ്റ് തന്നെയാണ് എടുത്തിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

8. ഓർഡിനറി സോയിൽ, ഹാർഡ് സോയിൽ, ഓർഡിനറി റോക്ക് എന്നിങ്ങനെയുള്ള ഷെഡ്യൂൾ നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഷെഡ്യൂൾ അല്ലെന്നും ഡാറ്റാ തയ്യാറാക്കുകയാണെന്നും ആവശ്യം അനുസരിച്ച് ഓരോ ഐറ്റത്തിനു വേണ്ടിയുള്ള റേറ്റ് പ്രിപ്പയർ ചെയ്യുകയാണെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കട്ടിംഗ് ചാർജും, കൺവേയൻസും മാത്രമാണോ കൊടുക്കുന്നതെന്നും, പ്രൈവറ്റ് പാർട്ടിയിൽനിന്നും മണ്ണ് വാങ്ങുകയാണെങ്കിൽ വില കൊടുക്കേണ്ടി വരില്ലേയെന്നുള്ള സമിതിയുടെ ചോദ്യത്തിന് വില കൊടുക്കേണ്ടിവരില്ലെന്നും, അഞ്ചു കിലോമീറ്ററിനുള്ളിൽ മണ്ണ് കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാലാണ് ആവറേജ് റേറ്റ് കിട്ടത്തക്കവണ്ണം പകുതി സോഫ്ട് സോയിലിന്റെയും പകുതി ഹാർഡ് സോയിലിന്റേയും ലേബർ എടുത്തതെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

9. ഡാറ്റാ ബുക്ക് അനുസരിച്ച് ആവറേജ് റേറ്റ് എടുക്കാനുള്ള പ്രൊവിഷനുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഡാറ്റാ ബുക്കിൽ ഓർഡിനറി സോയിലിന്റെ ലേബറും ഹാർഡ് സോയിലിന്റെ ലേബറുമാണ് കൊടുത്തിട്ടുള്ളതെന്നും, എടുക്കുന്ന ഐറ്റം ഏതെന്ന് നോക്കി അതനുസരിച്ച് ഡാറ്റാ പ്രിപ്പയർ ചെയ്യുന്നുവെന്നും, റേറ്റ്

പ്രിപ്പയർ ചെയ്താലും ലംപ്സം കോൺട്രാക്ട് ആയതിനാൽ നഷ്ടം ഉണ്ടാകുന്നില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മരാമത്തു വേലകളുടെ മുഴുവൻ റേറ്റ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം വർക്ക് ടെൻഡർ വിളിക്കുകയാണ് പതിവെന്നും ടെൻഡർ ചെയ്യുന്ന ഐറ്റങ്ങളെല്ലാംകൂടി പ്രായോഗികമായി എത്ര രൂപയ്ക്ക് ചെയ്യാൻ കഴിയുമെന്ന് നോക്കിയതിനുശേഷം മൊത്തം വർക്കിന് കരാറുകാരൻ റേറ്റ് ക്വാട്ട് ചെയ്യുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

10. ഡാറ്റാ ബുക്ക് പ്രകാരം ഫില്ലിംഗ് വേലയ്ക്ക് സാധാരണ മണ്ണ് ഉപയോഗിച്ചുള്ള നിരക്ക് നിശ്ചയിച്ചിരുന്നുവെങ്കിൽ 8,60,394 രൂപയുടെ കുറവ് ഉണ്ടാകുമായിരുന്നുവെന്നുള്ള നിരീക്ഷണമാണ് ഓഡിറ്റുകാർക്കുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് എസ്റ്റിമേറ്റിലാണ് ആ കുറവ് ഉണ്ടാകുന്നതെന്ന് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. ഡാറ്റാ ബുക്കിൽ പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കണമെന്നും എല്ലായിടത്തും മണ്ണ് ഫ്രീയായി കിട്ടിയെന്ന് വരില്ലെന്നും ചിലയിടത്ത് വില കൊടുത്ത് വാങ്ങേണ്ടിവരുമെന്നത് പ്രായോഗികമായി ശരിയാണെങ്കിലും അക്കാര്യം മുൻകൂട്ടി കണ്ട് ഡാറ്റാ ബുക്ക് റിവൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും സമിതി ചൂണ്ടിക്കാണിച്ചു. ചെയ്യുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു മാനദണ്ഡം ഉണ്ടാകേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി.

11. കോർപ്പറേഷന് നഷ്ടം സംഭവിച്ചുവെന്ന് ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് ഓർഡിനറി സോയിലിന്റെ റേറ്റ് ഇട്ടിരുന്നെങ്കിൽ എസ്റ്റിമേറ്റ് കുറയുമായിരുന്നുവെന്നും എന്നാൽ വർക്ക് ടെൻഡർ ചെയ്താണ് കൊടുത്തിരിക്കുന്നതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. വ്യക്തമായ നടപടിക്രമങ്ങൾ ഉള്ളപ്പോൾ, കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഹിതമനുസരിച്ച് തീരുമാനമെടുക്കുന്നത് ചട്ടപ്രകാരം ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

12. ടെൻഡറിൽ എത്ര പേർ പങ്കെടുത്തുവെന്നും കോർപ്പറേഷന് നഷ്ടം ഉണ്ടായിട്ടില്ലെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് ടെൻഡറിൽ പങ്കെടുത്തവരുടെ കണക്ക് ഇപ്പോഴില്ലെന്നും, ടെൻഡർ ചെയ്യുന്ന കോൺട്രാക്ടർ പ്രായോഗികമായി എത്ര രൂപയ്ക്ക് ചെയ്യാൻ കഴിയുമെന്നുള്ള രീതിയിലാണ് തുക ക്വാട്ട് ചെയ്യുന്നതെന്നും, അതിനാൽ ഏതെങ്കിലും ഒരു ഐറ്റത്തിന് ഉണ്ടായിട്ടുള്ള നിരക്കിന്റെ വ്യത്യാസംമൂലം നഷ്ടം സംഭവിക്കാൻ സാദ്ധ്യതയില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

13. ടെൻഡർ അംഗീകരിച്ചത് ഏത് റേറ്റിലാണെന്ന് സമിതി ആരാഞ്ഞതിന് ടെൻഡർ അംഗീകരിച്ചത് എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ റേറ്റിലാണെന്നും, ചില അവസരങ്ങളിൽ നെഗോഷ്യേറ്റ് ചെയ്യാറുണ്ടെന്നും കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു. പ്രായോഗികത കണക്കിലെടുത്ത് കംബയിൻഡായിട്ട് മണ്ണിന് റേറ്റ് കൊടുത്തിട്ടുണ്ടെന്നും, എന്നാൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്നതിനുശേഷം ഓർഡിനറി സോയിലിന്റെ റേറ്റിലാണ് കണക്കാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓഡിറ്റ് ഒബ്ജക്ഷൻ വന്നതിനുശേഷം ഓർഡിനറി സോയിലിന്റെ റേറ്റാണ് കണക്കാക്കുന്നതെന്ന് കോർപ്പറേഷൻ സെക്രട്ടറിയുടെ മൊഴി മുമ്പ് നൽകിയത് ചട്ടപ്രകാരമല്ലെന്നുള്ള സമ്മതമാണെന്നും, ചട്ടപ്രകാരമല്ലാതെ ചെലവഴിച്ച തുക ഈടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. പ്രായോഗികത കണക്കിലെടുത്താണ് മണ്ണിന് ആവറേജ് വില

നൽകിയതെങ്കിൽ ആയതിന്റെ പ്രയോഗികമായ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് മാനദണ്ഡങ്ങൾ റിവൈസ് ചെയ്യുന്നതിന് കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും അത്തരം നടപടി കോർപ്പറേഷന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെന്നും, നടപടിക്രമം അനുസരിച്ച് വർക്കുകൾ ചെയ്തില്ലെങ്കിൽ ഉദ്യോഗസ്ഥന്റെ മനോധർമ്മമനുസരിച്ച് ഗവൺമെന്റിന്റെ പണം കൈകാര്യം ചെയ്തുവെന്ന് വിലയിരുത്തേണ്ടിവരുമെന്നും സമിതി അഭിപ്രായപ്പെട്ടു. തിരുവനന്തപുരം സിറ്റിയിൽ മണ്ണ് ഫില്ല് ചെയ്യുന്നതിന് ഓർഡിനറി സോയിലും ഹാർഡ് സോയിലും ഉപയോഗിച്ചിരുന്നുവെന്നും, രണ്ട് സോയിലിന്റെയും ആവറേജ് എടുത്ത് ലേബർ ചാർജ് കൊടുക്കുന്നതിന് കൗൺസിലിന്റെ തീരുമാനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൗൺസിലിനെ സമീപിച്ചിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് സമീപിച്ചിരുന്നില്ലെന്നും, ടെക്നിക്കൽ സാങ്ഷനിംഗ് അതോറിറ്റിയുടെ അപ്രൂവലാണ് വാങ്ങിയതെന്നും കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

14. ചീഫ് എഞ്ചിനീയറുടെ 30-6-1985-ലെ സി.6.6113/84/ഇ കത്ത് പ്രകാരം ഗ്രാവലി എർത്ത് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിന് സാധാരണ മണ്ണ് ഉപയോഗിച്ചുകൊണ്ടുള്ള ഫില്ലിംഗ് പ്രവൃത്തികളുടെ നിരക്ക് നൽകിയാൽ മതിയെന്ന ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, വർക്ക് നടന്ന കാലയളവിലെ എഞ്ചിനീയർ ശ്രീ. ഗോപാല കൃഷ്ണപിള്ള ആയിരുന്നുവെന്നും കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

15. ഒരു ഐറ്റം ഓഫ് വർക്കിന്റെ റേറ്റ് നിശ്ചയിക്കുന്നതിന് ടെക്നിക്കൽ അതോറിറ്റിക്ക് പൂർണ്ണമായ അധികാരമുണ്ടെന്നും, ഫില്ലിംഗിന്റെ നിരക്ക് കൊടുത്തതിൽ പ്രശ്നമില്ലെന്നും, നികത്തുന്ന സ്ഥലത്തെ താഴ്ച, ഭൂമിയുടെ സ്വഭാവം എന്നിവ വ്യക്തമായി രേഖപ്പെടുത്തി റേറ്റ് നിശ്ചയിക്കേണ്ടിയിരുന്നുവെന്നും, ഇക്കാര്യത്തിലുള്ള പോരായ്മ ചൂണ്ടിക്കാണിക്കുകയാണ് ഓഡിറ്റ് വകുപ്പ് ചെയ്തിരിക്കുന്നതെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

16. വർക്കിനുവേണ്ടി വരുന്ന മണ്ണിന് എത്രമാത്രം ലേബർ ചാർജ് വരുമെന്ന് കണക്ക് നോക്കുമ്പോൾ ഓർഡിനറി സോയിലിന്റെ റേറ്റ് മാത്രം നോക്കിയാൽ ഇത്രയും മണ്ണ് കിട്ടില്ലെന്നും, അതിന്റെ ഹയർ റേറ്റ് കൂടി എടുത്തെങ്കിൽ മാത്രമേ ഇത്രയും മണ്ണ് കിട്ടുകയുള്ളൂവെന്നും, ആയതിനാലാണ് രണ്ട് മണ്ണിന്റെയും ആവറേജ് എടുത്തിരിക്കുന്നതെന്നുമുള്ള നിഗമനത്തിൽ ഓഡിറ്റ് എത്തിയതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

17. ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള വ്യത്യാസം എസ്റ്റിമേറ്റിൽ വന്നിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഡാറ്റായാണ് ഡാറ്റാ ബുക്കിൽ വരുന്നതെന്നും, ഡാറ്റായിൽ മാറ്റം വന്നിട്ടില്ലാത്തതിനാൽ മിസ്റ്റേക്ക് നടന്നു എന്ന് പറയാൻ സാധിക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

18. **വ്യക്തമായ നടപടിക്രമങ്ങൾ ഉള്ളപ്പോൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ ഹിതമനുസരിച്ച് തീരുമാനമെടുക്കുന്നത് ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ചട്ടപ്രകാരമല്ലാതെ ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കണമെന്നും ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച എസ്റ്റിമേറ്റിന്റെയും ടെണ്ടർ നടപടികളുടെയും ഫയലുകൾ പരിശോധിച്ച് അടിയന്തിരമായി വിശദീകരണം നൽകി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബ്ലെന്റിംഗ് മെറ്റീരിയൽ ആയി ഉപയോഗിച്ച ചുവന്ന മണ്ണിന് അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം—18,101 രൂപ**

"തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ" ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള മരാമത്ത് വേലകളുടെ ഭാഗമായി റോഡ് നിർമ്മാണത്തിനായി ചുവന്ന മണ്ണ് വിലകൊടുത്ത് കൊണ്ടുവന്ന് ബ്ലെന്റിംഗ് വേലയ്ക്കായി ഉപയോഗിച്ചതിന് അധിക നിരക്കാണ് നൽകിയിരിക്കുന്നത്. 1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം ഈ വേലയ്ക്ക് അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു :

ഗുണഭോക്തൃ സമിതി നിർവ്വഹിക്കുന്ന വേലകൾക്ക്—1,314 രൂപ/10 $M^{3.}$

കരാറുകാരൻ നിർവ്വഹിക്കുന്ന വേലകൾക്ക്—14,45.40 രൂപ/ 10 $M^{3.}$

പ്രസ്തുത കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതി/കരാറുകാരൻ മുഖേന നിർവ്വഹിച്ചിട്ടുള്ള വേലകൾക്ക് അനുവദനീയമായ നിരക്കിനേക്കാൾ അധികം തുക നൽകിയതിനാൽ 18,101 രൂപയുടെ നഷ്ടം ഉണ്ടായി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.3)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

19. "ഓഡിറ്റ് തടസ്സമായി ഉന്നയിച്ചിട്ടുള്ള 18,101 രൂപയിൽ 7,310 രൂപ (14 കരാറുകാരിൽ) നഗരസഭാ ഫണ്ടിൽ അടച്ചിട്ടുള്ളതും ബാക്കി 10,791 രൂപ അടയ്ക്കുന്നതിന് ബന്ധപ്പെട്ട കൺവീനർമാർക്കും കരാറുകാർക്കും നോട്ടീസ് നൽകിയിട്ടുള്ളതുമാണ്".

20. ബ്ലെന്റിംഗ് മെറ്റീരിയലായി ഉപയോഗിച്ച ചുവന്ന മണ്ണിന് അധികനിരക്ക് നൽകിയതിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് 30 വർക്കുകളിലായി 18,000 രൂപ ലഭിക്കാനുള്ളതിൽ 16 വർക്കുകളിൽ നിന്ന് 9,748 രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക പിരിക്കുന്നതിനായി ബന്ധപ്പെട്ട കൺവീനർമാർക്കും കരാറുകാർക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടി ഊർജ്ജിതപ്പെടുത്തുന്നതുമാണെന്ന് കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**21. ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും അതിന്റെ വൗച്ചർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് എന്നീ ഇനങ്ങളിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല—നഷ്ടം—6,32,179 രൂപ**

1997-1998 മുതൽ 2001-2002 വരെയുള്ള കാലയളവിൽ തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം ആരംഭിച്ച പല മരാമത്ത് വർക്കുകളിലും കൺവീനർമാർ, മൊബിലൈസേഷൻ/സെക്യേർഡ് അഡ്വാൻസ് എന്നിവ കൈപ്പറ്റിയശേഷം വർക്ക് ചെയ്യാതിരിക്കുകയോ, ഭാഗികമായി വർക്ക് ചെയ്തശേഷം ഉപേക്ഷിക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം മുൻകൂർ തുക കൈപ്പറ്റിയശേഷം വർക്ക് നിർവ്വഹിക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും മുൻകൂർ നൽകിയ തുക ഈടാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പ് 27-3-2003-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ "10703(ഡി.പി.3/03)" പ്രകാരം ജനകീയാസൂത്രണ പ്രോജക്ടുകൾക്ക് അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക 12% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ആയതിനാൽ ഇപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്/സെക്യേർഡ് അഡ്വാൻസ് കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും ടി തുക മേൽ സൂചിപ്പിച്ച നിരക്കിലുള്ള പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. കൺവീനർമാരിൽ നിന്നും ഈടാക്കുവാനുള്ള തുക—6,32,179 രൂപ.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.4)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

22. "സെക്യേർഡ് അഡ്വാൻസ് കൈപ്പറ്റിയ ശേഷം വേല നിർവ്വഹിക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും മുൻകൂർ നൽകിയ തുക ഈടാക്കുന്നതിനായി ബന്ധപ്പെട്ട കൺവീനർമാരുടേയും ചെയർമാൻമാരുടേയും മേൽവിലാസവും, ഈടാക്കുവാനുള്ള തുകയുടെ വിശദാംശങ്ങളും ബഹു. ജില്ലാകളക്ടർക്ക് റവന്യൂ റിക്കവറി നടപടികൾക്കായി അയച്ചുകൊടുത്തിട്ടുള്ളതും, ആയതനുസരിച്ച് റവന്യൂ റിക്കവറി നടന്നുവരുന്നതുമാണ്".

23. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത 12 കേസുകളാണുള്ളതെന്നും അതിന്മേൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവരികയാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

24. പല കേസുകളിലും തുക തിരിച്ചുപിടിക്കാൻ വർഷങ്ങൾക്കുമുമ്പേ തീരുമാനിച്ചിരുന്നുവെങ്കിലും അതിന്മേൽ കുറ്റക്കാരെ കണ്ടെത്തുകയോ തുക തിരിച്ചു പിടിക്കുകയോ ചെയ്തിട്ടില്ലെന്നും ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കുവാൻ കോർപ്പറേഷൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു.

25. ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത 12 കേസുകളിൽ താൻ വ്യക്തി പരമായി കളക്ടറേറ്റുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക തിരിച്ചു പിടിക്കുന്നതാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ടുമാസത്തിനകം നടപടി പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

26. **ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കാൻ കോർപ്പറേഷൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത കേസുകളിൽ, എത്ര കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കണമെന്നും, പൂർത്തിയാകാത്ത കേസുകളിൽ അടിയന്തിരമായി കുറ്റക്കാരെ കണ്ടെത്തി തുക 12% പലിശയോടുകൂടി തിരിച്ചുപിടിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിവിധ വേലകൾക്കായി എർത്ത് വർക്ക് നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണ് എർത്ത് ഫില്ലിംഗ് വേലയ്ക്ക് ഉപയോഗിക്കാതിരുന്നതുമൂലമുണ്ടായ നഷ്ടം—1,58,954 രൂപ**

വിവിധ മരാമത്ത് വേലകളുടെ ഭാഗമായി ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനായി മണ്ണ് കുഴിച്ചെടുക്കൽ വേലയും അതിനോട് അനുബന്ധിച്ച് താഴ്ന്ന ഭാഗങ്ങളിൽ മണ്ണ് നിറയ്ക്കൽ എന്ന വേലയും നിർവ്വഹിച്ചിട്ടുണ്ട്.

എന്നാൽ ടി മരാമത്ത് വേലകൾക്ക് ഫില്ലിംഗിനായി മണ്ണ് കൊണ്ടുവന്ന് നിറയ്ക്കുന്ന പ്രവൃത്തി മുൻകൂട്ടി അളവ് (പ്രീമെഷർമെന്റ്) രേഖപ്പെടുത്തി നിർവ്വഹിക്കുമ്പോൾ മണ്ണ് കുഴിച്ചെടുക്കൽ പ്രവൃത്തിയിലൂടെ ലഭിച്ച മണ്ണിന്റെ അളവ് കഴിഞ്ഞ് ബാക്കി വരുന്ന അളവിലാണ് മൂല്യം കണക്കാക്കേണ്ടത്. ഇപ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറയ്ക്കാതിരുന്നതു നിമിത്തവും ഫില്ലിംഗിന് അധികം മണ്ണിന്റെ അളവ് അനുവദിച്ചതുമൂലവും 1,58,954 രൂപയുടെ നഷ്ടം നഗരസഭാ ഫണ്ടിനുണ്ടായിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.5)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

27. "കുഴിച്ചെടുക്കുന്ന മണ്ണ് സാധാരണഗതിയിൽ പദ്ധതി പ്രദേശത്ത് തന്നെയുള്ള കുഴികൾ നികത്തുന്നതിനും, മറ്റ് പ്രവൃത്തികൾക്കുമായി ഉപയോഗിക്കാറുണ്ട്. എന്നാൽ ടി

വിവരം പ്രീമെഷർമെന്റ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടു പോയതിനാലാണ് ഓഡിറ്റ് ഒബ്ജക്ഷന് കാരണമായിട്ടുള്ളത്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്".

28. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് കുഴിച്ചെടുക്കുന്ന മണ്ണ് പദ്ധതി പ്രദേശത്ത് തന്നെയുള്ള കുഴികൾ നികത്തിയതിനുശേഷം ബാക്കിവരുന്ന മണ്ണ് മെഷർ ചെയ്യുന്നുണ്ടെന്നും, കുഴിച്ചെടുത്ത മണ്ണ് പദ്ധതി പ്രദേശത്തു തന്നെയുള്ള കുഴികൾ നികത്തുവാൻ വേണ്ടി ഉപയോഗിച്ചുവെന്ന് യഥാസമയം രേഖപ്പെടുത്താത്തുകൊണ്ടാണ് അങ്ങനെ ഒരു ഓഡിറ്റ് പരാമർശം ഉണ്ടായതെന്ന് കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു. മരാമത്ത് വേലകളുടെ ഭാഗമായി ചെയ്യേണ്ട സാങ്കേതിക കാര്യങ്ങൾ പെർഫെക്ഷൻ വരുന്ന രീതിയിൽ ചെയ്യുന്നില്ലെന്നും, അതുകൊണ്ടാണ് ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകുന്നതെന്നും സമിതി ചൂണ്ടിക്കാണിച്ചു.

29. എത്ര വർക്കുകളിലാണ് ഇത്തരം പ്രശ്നം വന്നിട്ടുള്ളതെന്നും എം. ബുക്കിൽ സർട്ടിഫൈ ചെയ്തിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 14 വർക്കുകളിലാണ് പ്രശ്നം ഉണ്ടായിട്ടുള്ളതെന്നും, എം. ബുക്കിൽ സർട്ടിഫൈ ചെയ്യേണ്ടതായിരുന്നുവെന്നും, അന്നത്തെ ചീഫ് എഞ്ചിനീയർ ശ്രീ. ഗോപാലകൃഷ്ണപിള്ളയാണെന്നും, പല ഡിവിഷനിലായിട്ടാണ് വർക്ക് ചെയ്തിട്ടുള്ളതെന്നും കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

30. **മണ്ണ് ഉപയോഗപ്രദമല്ലെങ്കിൽ അക്കാര്യം യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പണികൾ നിർവ്വഹിച്ച ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി അവരിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതിന് രേഖകളില്ല തടസ്സപ്പെടുത്തിയ തുക—11,92,410 രൂപ**

തിരുവനന്തപുരം നഗരസഭ 1997-98 മുതൽ 2001-02 വരെയുള്ള ഒൻപതാം പദ്ധതി കാലയളവിൽ വിവിധ ഡിവിഷനുകളിൽ ചേരി പരിഷ്ക്കരണം എന്ന പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വിവിധ തുകകൾ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവിന് ആധാരമായ രേഖകൾ, തുകയുടെ കൈപ്പറ്റ് രസീതുകൾ, വിനിയോഗ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയൊന്നുംതന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റിൽ നിന്നുള്ള അന്വേഷണ കുറിപ്പുകളിൽ ആവശ്യപ്പെട്ട വിശദീകരണങ്ങൾക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ ടി പ്രവൃത്തികൾക്കായി ചെലവഴിച്ച 11,92,410 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.6)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

31. "യൂട്ടിലൈസേഷൻ ആവശ്യപ്പെട്ട് KSEB-ക്ക് ഒരു തവണ അറിയിപ്പും രണ്ട് ഓർമ്മക്കുറിപ്പും നല്കിയിട്ടുള്ളതാണ്".

32. ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 11,92,410 രൂപയുടെ യൂട്ടി ലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടിയോയെന്ന് സമിതി ആരാഞ്ഞതിന് ഇലക്ട്രിസിറ്റി ബോർഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരാറില്ലെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഉപയോഗിച്ച് വൈദ്യുതീകരണ പ്രവർത്തനം നടത്തിയെന്ന് കോർപ്പറേഷൻ വിലയിരുത്തുന്നത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് കമ്മിറ്റി കൂടി മോണിട്ടർ ചെയ്യാറുണ്ടെന്നും, ഡെപ്പോസിറ്റ് വർക്ക് ചെയ്തില്ലെങ്കിൽ അവരെക്കൊണ്ട് ചെയ്യിപ്പിക്കു മെന്നും കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു.

33. എസ്റ്റിമേറ്റ് അനുസരിച്ചുള്ള കാര്യങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് ചെയ്തു എന്നുള്ളതിന്റെ റിപ്പോർട്ട് കോർപ്പറേഷനിൽ ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ഇലക്ട്രിസിറ്റി ബോർഡിലും വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് ചെയ്ത തുക കറണ്ട് ചാർജിനും വെള്ളക്കരത്തിനുമായി വകമാറ്റാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അങ്ങനെ ചെയ്യാറില്ലെന്ന് കോർപ്പറേഷൻ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

34. **വിവിധ വർക്കുകൾക്കായി ഇലക്ട്രിസിറ്റി ബോർഡിലും, വാട്ടർ അതോറി റ്റിയിലും തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പ്രസ്തുത വർക്കുകൾ സമയബന്ധിത മായി തീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട അതോറിറ്റിക്ക് നൽകണമെന്നും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭ്യമാക്കിയില്ലെങ്കിൽ അതിന്റെ മുഴുവൻ ബാദ്ധ്യതയും ഡെപ്പോസിറ്റ് തുക വാങ്ങുന്നവർക്കായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു.**

35. **ഇലക്ട്രിസിറ്റി ബോർഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ കമ്മിറ്റി കൂടി വർക്ക് മോണിട്ടർ ചെയ്യാറുണ്ടെന്നും, വർക്ക് ചെയ്തില്ലെങ്കിൽ അവരെക്കൊണ്ട് ചെയ്യിപ്പിക്കാറുണ്ടെന്നുമുള്ള കോർപ്പറേഷന്റെ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കാതിരുന്നതുമൂലമുള്ള നഷ്ടം—16,206 രൂപ**

വിവിധ മരാമത്ത് വേലകൾക്ക് നഗരസഭയിൽ നിന്നും നൽകിയിട്ടുള്ള ടാറിന്റെ ഒഴിഞ്ഞ വീപ്പകൾ ഉപയോഗശേഷം തിരികെ ഏൽപ്പിക്കുകയോ ബില്ലിൽ നിന്നും ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഈടാക്കുകയോ ചെയ്തിട്ടില്ല. ജി.ഒ.(എം.എസ്.) 41/91/പി.ഡബ്ല്യു. ആന്റ് റ്റി. തീയതി 31-5-1991 നമ്പർ ഉത്തരവ് പ്രകാരം തിരികെ ഏൽപ്പിക്കാത്ത ഒഴിഞ്ഞ ടാർ വീപ്പ ഒന്നിന് വിൽപ്പന നികുതിയടക്കം 111 രൂപ ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാത്തതുമൂലം 16,206 രൂപ നഷ്ടം വന്നിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.7)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

36. "ഓഡിറ്റ് ഉന്നയിച്ചിട്ടുള്ള 16,206 രൂപ ഈടാക്കുന്നതിന് കൺവീനർമാർക്ക് നോട്ടീസ് നല്കിയിട്ടുള്ളതാണ്".

37. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് പ്രസ്തുത തുക ഈടാക്കുന്നതിനായി. കൺവീനർമാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കുടിശ്ശിക തുക കൺവീനർമാരിൽ നിന്ന് അടിയന്തിരമായി ഈടാക്കണമെന്നും അതിനു സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് ആ തുക ഒരു മാസത്തിനുള്ളിൽ ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**38. ടാർ വീപ്പ ഇടപാടിലെ കുടിശ്ശികത്തുക കൺവീനറിൽ നിന്ന് ഈടാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും, അതിനു സാധിക്കാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഒരു മാസത്തിനുള്ളിൽ തുക ഈടാക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെടാത്തത് സമിതി വളരെ ഗൗരവമായി കാണുന്നു. കൺവീനർമാരിൽ നിന്നും കുടിശ്ശിക തുക നാളിതുവരെ ഈടാക്കാൻ സാധിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെറ്റായ രീതിയിൽ വിൽപ്പന നികുതി ഈടാക്കിയതുമൂലം സംസ്ഥാന സർക്കാരിന് ഉണ്ടായ നഷ്ടം—1,15,371.26 രൂപ**

1997-98 മുതൽ 2001-02 വരെയുള്ള 9-ാം പദ്ധതിക്കാലത്ത് നിർവ്വഹിച്ചിട്ടുള്ള മരാമത്ത് വേലകളുടെ ഫൈനൽ ബില്ലുകൾ പരിശോധിച്ചതിൽ വിൽപ്പന നികുതി

ഈടാക്കിയതിൽ സംസ്ഥാന ഖജനാവിന് നഷ്ടമുണ്ടായതായി കാണുന്നു. കേരള സംസ്ഥാന വിൽപ്പന നികുതി നിയമപ്രകാരം ഈ കാലയളവിൽ മരാമത്ത് പണികളുടെ വിൽപ്പന നികുതി ഈടാക്കേണ്ടത് 2.1% 'ഓഫ് ദി അഗ്രഗേയ്റ്റ് എമൗണ്ട് പേയബിൾ ടു ദ കോൺട്രാക്ടർ' എന്നാണ്. എന്നാൽ തിരുവനന്തപുരം നഗരസഭ പണികളുടെ ആകെ തുകയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി നൽകിയിട്ടുള്ള സാമഗ്രികളുടെ വിലയും ഉപകരണങ്ങളുടെ വാടകയും (ടാർ, റോഡ് റോളർ മുതലായവ) കുറവ് ചെയ്തതിന് ശേഷമുള്ള തുകയ്ക്കാണ് വിൽപ്പന നികുതി ഈടാക്കിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 22-6-2006-ൽ പുറത്തിറക്കിയ എൽ.എഫ്. 3453/എം.എൽ.1/06-ാം നമ്പർ സർക്കുലറിൽ ബിൽ പ്രകാരമുള്ള മൊത്തം കരാർ തുകയിൽ നിന്നും ഡിപ്പാർട്ട്മെന്റലായി സപ്ളൈ ചെയ്ത സാധനങ്ങളുടെ വില കിഴിവ് വരുത്തുന്നതിന് മുൻപുള്ള മൊത്തം തുകയ്ക്കാണ് വിൽപ്പന നികുതി കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ടി നഗരസഭയിൽ ഡിപ്പാർട്ട്മെന്റലായി സപ്ലൈ ചെയ്ത സാമഗ്രികളുടെ വിലയും ഉപകരണങ്ങളുടെ വാടകയും കിഴിവ് വരുത്തിയതിനുശേഷമുള്ള തുകയ്ക്കാണ് വിൽപ്പന നികുതി ഈടാക്കിയിരിക്കുന്നത്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വിൽപ്പന നികുതി കണക്കാക്കിയതുമൂലം 1,15,371.26 രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് ഉണ്ടായിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.8)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

39. "22-6-2006-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 3453/എം.എൽ.1/06-ാം നമ്പർ സർക്കുലർ പ്രകാരമാണ് നിലവിൽ കരാറുകാരുടെ വർക്ക് ബില്ലുകളിൽ സെയിൽ ടാക്സ് ഈടാക്കുന്നത്. എന്നാൽ മുൻപ് ഇപ്രകാരമുള്ള സർക്കുലറുകൾ ഒന്നും തന്നെ ലഭ്യമാകാത്തതുകൊണ്ടാണ് പണികളുടെ ആകെ തുകയിൽ നിന്നും ഡിപ്പാർട്ടുമെന്റലായി നൽകിയിട്ടുള്ള സാമഗ്രികളുടെ വിലയും ഉപകരണങ്ങളുടെ വാടകയും (ടാർ, റോളർ) കുറവ് ചെയ്തതിന് ശേഷമുള്ള തുകയ്ക്ക് വിൽപ്പന നികുതി ഈടാക്കിയിരുന്നത്".

40. ടി ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിൽ ടാക്സ് ഈടാക്കുന്നത് 22-6-2006-ലെ എൽ.എഫ്. 3453/എം.എൽ.1/06-ാം നമ്പർ സർക്കുലർ പ്രകാരമാണോയെന്ന് സമിതി ആരാഞ്ഞു. പണികളുടെ ആകെ തുകയിൽ നിന്നും ഡിപ്പാർട്ടുമെന്റലായി നൽകിയിട്ടുള്ള സാമഗ്രികളുടെ വിലയും ഉപകരണങ്ങളുടെ വാടകയും കുറവ് ചെയ്തതിനുശേഷമുള്ള തുകയ്ക്ക് വില്പന നികുതി ഈടാക്കുന്നത് തെറ്റാണെന്ന് എൽ.എഫ്.എ. ഡയറക്ടർ 22-6-2006-ലെ സർക്കുലർ പ്രകാരം ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് കോർപ്പറേഷന്റെ ശ്രദ്ധയിൽ വന്നതെന്നും നിലവിൽ കരാറുകാരുടെ വർക്ക് ബില്ലുകളിൽ നിന്നാണ് സെയിൽ ടാക്സ് ഈടാക്കുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

ഇതു സംബന്ധിച്ച് കരാറുകാരന് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും, ഇനിയുള്ള ബില്ലിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിന് കരാറുകാർ സമ്മതം എഴുതിത്തന്നിട്ടുണ്ടെന്നും, അതിൻപ്രകാരം 12 പേരിൽ നിന്ന് തുക തിരിച്ചു പിടിക്കുന്നതാണെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

41. ഗവൺമെന്റിന് നഷ്ടം വന്ന തുക രണ്ടു മാസത്തിനകം കരാറുകാരുടെ ശേഷിക്കുന്ന ബില്ലിൽ നിന്നോ അല്ലെങ്കിൽ നേരിട്ടുള്ള നടപടികളിലൂടെയോ ഈടാക്കുവാനും ആയതിന്റെ റിപ്പോർട്ട് ഹാജരാക്കുവാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

42. **സംസ്ഥാന ഖജനാവിന് നഷ്ടം വന്ന തുക ശേഷിക്കുന്ന ബില്ലിൽ നിന്ന് ഈടാക്കിക്കൊള്ളാൻ പന്ത്രണ്ട് കരാറുകാർ സമ്മതം എഴുതി തന്നിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിൻപ്രകാരം പ്രസ്തുത തുക കരാറുകാരിൽനിന്നും രണ്ടു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയതു സംബന്ധിച്ച റിപ്പോർട്ടുകളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. പ്രസ്തുത തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണം—2000-01—പട്ടികജാതി ക്ഷേമം—നിയമവിരുദ്ധമായി പണം ചെലവഴിച്ചത്—7,65,763 രൂപ നിരാകരിക്കുന്നു. പ്രോജക്ട് നമ്പർ 494/2000-01**

കവടിയാർ ഡിവിഷനിലെ പുതിച്ചക്കോണം ചേരിയുടെ പുനരുദ്ധാരണത്തിനായി ശ്രീ. എം. അപ്പു കൺവീനറായിട്ടുള്ള ജനകീയ സമിതി രൂപീകരിച്ചതായി ഫയൽ നമ്പർ ജെ5/25868/98-ൽ കാണുന്നു. ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം വൈദ്യുതീകരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അവ നടപ്പിലാക്കിയിട്ടുണ്ട്. ഫയലിനോടൊപ്പമുള്ള അംഗീകരിച്ച പ്രോജക്ടിൽ മേൽ പറഞ്ഞ ഇനങ്ങളല്ലാതെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന യാതൊരു ഇനവും ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ നോട്ട് ഫയലിൽ 29-6-1998-ൽ എഴുതിയിട്ടുള്ള കുറിപ്പിൽ ചേരി പരിഷ്കരണ പദ്ധതിയുടെ ഭാഗമായി വിവിധ കോളനികളിൽ താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട പത്താം ക്ലാസ്സിനും അതിനുമുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഓരോ മേശയും കസേരയും എന്ന കണക്കിന് 139 മേശയും 139 കസേരയും വിതരണം ചെയ്യാവുന്നതാണെന്ന് രേഖപ്പെടുത്തുകയും തൊട്ടടുത്ത ദിവസം തന്നെ മേശയും കസേരയും വാങ്ങി ആകെ 7,65,763 രൂപ "ഗോദ്റെജ് ആന്റ് ബോയ്സി മാനുഫാക്ച്ചറിംഗ് കമ്പനി " എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാകുന്നു.

ഇത്രയും വലിയ ഒരു തുകയ്ക്ക് ഒരു സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകരിച്ചതായോ സ്റ്റോർ പർച്ചേയ്സ് നിയമം അനുശാസിക്കുന്ന ക്വട്ടേഷൻ നടപടി സ്വീകരിച്ചതായോ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി അംഗീകരിച്ചതായോ കാണുന്നില്ല. ഗുണഭോക്താക്കൾക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ കൈപ്പറ്റുരേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഫർണിച്ചർ സ്റ്റോക്കിൽ എടുത്തിട്ട് വിതരണം നടത്തിയിട്ടുണ്ടോയെന്നുള്ള കാര്യവും പരിശോധിക്കുവാൻ നിർവ്വാഹമില്ല. അനുവദിച്ച തുക എങ്ങനെയെങ്കിലും ചെലവഴിക്കുവാൻ ഉദ്ദേശിച്ച് ഒറ്റദിവസം കൊണ്ട് യാതൊരു നടപടിക്രമവും പാലിക്കാതെയാണ് പണം ചെവഴിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ 31-7-2006-ന് നഗരസഭാ സെക്രട്ടറിയോട് കത്തു മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ഈ റിപ്പോർട്ട് തയ്യാറാക്കിയ ദിവസംവരെ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

ഈ പദ്ധതിക്കായി പ്രോജക്ട് തയ്യാറാക്കി ഭരണാനുമതി, സാങ്കേതിക അനുമതി തുടങ്ങിയവ ലഭിക്കാതെയും സ്റ്റോർ പർച്ചേയ്സ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെയും നിയമവിരുദ്ധമായി ചെലവഴിച്ച 7,65,763 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.9)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

43. "അന്നത്തെ ചാർജ്ജ് ഓഫീസർ ശ്രീ. എസ്. മോഹനൻ (റവന്യൂ ഓഫീസർ) ആയിരുന്നു. ടിയാന്റെ പേരിൽ റവന്യൂ റിക്കവറിയടക്കമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

അക്കൗണ്ടന്റ് ജനറലിന്റെ 4-4-2008-ലെ നമ്പർ എൽ.ബി.എ. (എച്ച്ക്യൂ) V/8എ-5/07-08 നമ്പർ കത്തുപ്രകാരം ഈ പാരഗ്രാഫ് ഡ്രോപ്പ് ചെയ്തിട്ടുള്ളതാണ്".

44. ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ചേരി പരിഷ്ക്കരണ പദ്ധതിയുടെ ഭാഗമായി നാല് കോളനികളിൽ 150 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളായ മേശയും കസേരയും കൊടുക്കാനാണ് തീരുമാനിച്ചതെന്നും, പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സമയപരിധിയുണ്ടായിരുന്നതിനാൽ പ്രസ്തുത പ്രോജക്ട് മറ്റൊരു പ്രോജക്ടിന്റെ ഭാഗമായി ചേർത്ത് ആറ് ലക്ഷം രൂപയുടെ ഫർണിച്ചർ വാങ്ങിയെന്നും, മറ്റൊരു പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാൽ ക്വട്ടേഷന്റെ ആവശ്യമില്ലെന്നുള്ള ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗോദറേജ് കമ്പനിയിൽ നിന്നും ഫർണിച്ചർ വാങ്ങിയതെന്നും സമിതി മുമ്പാകെ ഹാജരായ ശ്രീ. എസ്. മോഹനൻ (അന്നത്തെ ചാർജ് ഓഫീസർ) സമിതിയെ അറിയിച്ചു. മൂന്ന് കോളനികളിൽ മീറ്റിംഗ് വിളിച്ചുകൂട്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് വായിച്ച് അംഗീകരിച്ചതിനുശേഷമാണ് സാധനങ്ങൾ വിതരണം ചെയ്തതെന്നും, പ്രസ്തുത ലിസ്റ്റ് എ.ജി.യുടെ ഓഡിറ്റിന് ഹാജരാക്കുകയും, പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ എ.ജി. പരാമർശം ഒഴിവാക്കിയെന്നും, ഒഴിവാക്കിയതിന്റെ രേഖ തന്റെ കൈവശമുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

45. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൊടുത്തിരുന്നോയെന്ന്

സമിതി ആരാഞ്ഞതിന് താൻ റിട്ടയർ ചെയ്തിട്ട് അഞ്ചു വർഷമായെന്നും, 2000-ൽ ചാർജ് വിടുമ്പോൾ, ബന്ധപ്പെട്ട രേഖകൾ ചാർജെടുത്ത ഓഫീസർക്ക് ഹാന്റ് ഓവർ ചെയ്തിരുന്നുവെന്നും ശ്രീ. എസ്. മോഹനൻ സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ കാണാനില്ലെന്നാണ് അറിയാൻ സാധിച്ചതെന്നും എ.ജി.യു.ടെയും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും പരാമർശം ഒന്നുതന്നെയാണോയെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

46. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയലിനെ സംബന്ധിച്ച വിവരം സമിതി ആരാഞ്ഞതിന് പ്രസ്തുത ഫയൽ കാണുന്നില്ലെന്നും, ഓഡിറ്റ് പരാമർശം ഒഴിവാക്കിക്കൊണ്ടുള്ള എ.ജി.യുടെ കത്ത് ഉള്ളതായും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

47. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിംഗിനുമുമ്പുതന്നെ ഈ ഫയൽ എ.ജി. ഓഡിറ്റ് നടത്തിയതായും ഈ വിഷയം ഡ്രോപ്പ് ചെയ്യാൻ എഴുതി തന്നിട്ടുള്ളതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ, എ.ജി. വെരിഫൈ ചെയ്ത സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, എ.ജി.യുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടേയും ഓഡിറ്റ് പരാമർശങ്ങൾ ഒന്നുതന്നെയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വെള്ളം പമ്പ് ചെയ്തു കളഞ്ഞ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം—5,098 രൂപ**

കലുങ്ക് നിർമ്മാണത്തിന് 5 എച്ച്.പി. എഞ്ചിൻ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തു കളയുന്നതിന് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെ നൽകാവുന്ന തുക ഒരു ദിവസത്തേക്ക് 436.43 രൂപയാണ്. 15 ദിവസത്തേക്ക് മേൽ നിരക്കിൽ അധികരിച്ച് വാടക നൽകിയതുമൂലം 5,098 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.10)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

48. "കരാറുകാരനിൽ നിന്നും ടി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്".

49. കരാറുകാരനിൽ നിന്നും തുക ഈടാക്കിയതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

50. **കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആയതിന്റെ റിപ്പോർട്ട് കാലതാമസംവിനാ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ പൊതുമരാമത്ത് വകുപ്പിന് കടമായി നൽകിയ ബിറ്റുമിൻ തിരികെ വാങ്ങിയിട്ടില്ല. നഷ്ടം—23,090 രൂപ**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | .. ശാസ്തമംഗലം പണിക്കേഴ്സ് ലെയ്ൻ പുനരുദ്ധാരണം |
| നിർവ്വഹണ സമിതി | .. കരാറുകാരൻ മുഖേന |
| കരാറുകാരന്റെ പേര് | .. ശ്രീ. എസ്. അനിൽകുമാർ |
| അടങ്കൽ തുക | .. 5,66,085 രൂപ |

മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാറുകാരന് കോർപ്പറേഷൻ ജനറൽ സ്റ്റോറിൽ നിന്ന് 1-3-2001-ലെ ഇൻഡന്റ് നമ്പർ 3916 പ്രകാരം 40 ബാരൽ ബിറ്റുമിൻ നൽകിയിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ കേബിൾ സ്ഥാപിക്കുന്ന പണി നടക്കുന്നതുമൂലം പണി നിർത്തിവയ്ക്കുകയുണ്ടായി. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ സന്ദർശനം പ്രമാണിച്ച് പേരൂർക്കട ഇന്ദിരാ നഗർ പൊതുമരാമത്ത് വകുപ്പുവക റോഡ് അടിയന്തിര അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 10-10-2000-ലെ ഡി1/4552/2000-ാം നമ്പർ കത്ത് പ്രകാരം 25 ബാരൽ ബിറ്റുമിൻ കടമായി നൽകുവാൻ നഗരസഭയോട് ആവശ്യപ്പെടുകയുണ്ടായി. കരാറുകാരനിൽ നിന്ന് 16 ബാരൽ ബിറ്റുമിൻ തിരികെ വാങ്ങി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ളതായി കാണുന്നു. ടി 16 ബാരൽ ബിറ്റുമിനുള്ള പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് ഫയലിലുണ്ട്. എന്നാൽ പ്രസ്തുത 16 ബാരൽ ബിറ്റുമിൻ പൊതുമരാമത്ത് വകുപ്പിൽ നിന്ന് തിരികെ കിട്ടിയതായി ഫയലിൽ യാതൊരുവിധ രേഖപ്പെടുത്തലും ഇല്ല. ബിറ്റുമിൻ തിരികെ നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (റോഡ്സ്) നഗരസഭാ സെക്രട്ടറി 19-2-2000-ൽ നൽകിയ ഇ4/ഇ3/54669/98-ാം നമ്പർ കത്ത് ഫയലിൽ കാണുന്നു. 16 ബാരൽ ബിറ്റുമിൻ തിരികെ കിട്ടിയോ എന്ന വിവരം ആരാഞ്ഞുകൊണ്ട് കോർപ്പറേഷൻ എഞ്ചിനീയർക്ക് രണ്ടുതവണ കത്തു നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത കാലയളവിലെ ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ബിറ്റുമിൻ തിരികെ കിട്ടിയതായി രേഖപ്പെടുത്തൽ ഇല്ല. അതിനാൽ 16 ബാരൽ ബിറ്റുമിൻ നഗരസഭയ്ക്ക് നഷ്ടമായതായി കണക്കാക്കുന്നു.

1 ബാരൽ ബിറ്റുമിന്റെ വില .. 1,443.15 രൂപ

16 ബാരൽ ബിറ്റുമിന്റെ വില .. 16 X 1,443.15 = 23,090.4 രൂപ

നഷ്ടമായ 23,090.4 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.11)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

51. "പൊതുമരാമത്ത് വകുപ്പിന് കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭിക്കുന്നതിന് (ഉണ്ടായ നഷ്ടം 23,090 രൂപ) PWD റോഡ് ചീഫ് എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് കത്തും ഓർമ്മക്കുറിപ്പും നല്കിയിട്ടുള്ളതും കൂടാതെ നിയമസഭാ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ട വിഷയം ആയതിനാൽ പ്രത്യേക ശ്രദ്ധ ചെലുത്തി ബിറ്റുമിൻ തിരിച്ചു തരുന്നതിന് നടപടി സ്വീകരിക്കുന്നതിന് കത്തു നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ലാത്തതാണ്".

52. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് "ബിറ്റുമിൻ തിരികെ ലഭിക്കുന്നതിന് പി.ഡബ്ല്യു.ഡി. റോഡ് ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് കത്തുകൾ നല്കിയിട്ടുണ്ടെന്നും ആയതിന് പി.ഡബ്ല്യു.ഡി. മറുപടി നൽകിയിട്ടില്ലെന്നും 27-6-2009-ൽ അയച്ച കത്തിനും മറുപടി ലഭിച്ചിട്ടില്ലെന്നും" തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

53. **പൊതുമരാമത്ത് വകുപ്പിന് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും മറുപടിയൊന്നും ലഭ്യമായിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വെറുതെ കത്തുകളും ഓർമ്മ കുറിപ്പുകളും അയച്ച് മറുപടി കാത്തിരിക്കുന്നതിൽ നിന്നും, കോർപ്പറേഷന് ഈ വിഷയത്തിൽ യാതൊരു വിധത്തിലുള്ള താൽപ്പര്യമോ ഉത്തരവാദിത്തമോ ഇല്ല എന്ന് സമിതി വിലയിരുത്തുന്നു. കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭിക്കാൻ കർശനമായ തുടർനടപടികൾ സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പണിക്ക് "ലാഭവിഹിതം നൽകിയ 13,279.92 രൂപ നിരാകരിക്കുന്നു".**

| | |
|---|---|
| പ്രോജക്ട് | .. ചാല എട്ടുവീട്ടിൽ ലെയ്ൻ പുനരുദ്ധാരണം |
| നിർമ്മാണ രീതി | .. ഗുണഭോക്തൃ സമിതി മുഖേന |
| കൺവീനറുടെ പേര് | .. ശ്രീ. ആർ. മനോഹരൻ |
| അടങ്കൽ തുക | .. 2 ലക്ഷം രൂപ |
| മൊബിലൈസേഷൻ അഡ്വാൻസ് | .. 50,000 രൂപ |

മേൽപ്രവൃത്തിയുടെ നിർവ്വഹണം കരാറുകാരനെ ഏൽപ്പിക്കുവാൻ നിശ്ചയിച്ച് ടെണ്ടർ ചെയ്തതിന്റെ ഫലമായി ലഭിച്ച രണ്ട് ടെൻഡറുകളും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 40% കൂടുതലായിരുന്നു. ടി ടെൻഡറുകൾ സർക്കാരിൽനിന്നും അംഗീകാരം ലഭിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ 11-12-2000-ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണി ഗുണഭോക്തൃ സമിതിയെ കൊണ്ട് ചെയ്യിക്കുന്നതിന് തീരുമാനിച്ചു. ശ്രീ. ആർ. മനോഹരൻ കൺവീനറായിട്ടുള്ള ഗുണഭോക്തൃ സമിതി രൂപീകരിച്ച് പണി ഏൽപ്പിക്കുകയും പണി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ പരിശോധിച്ചതിൽ പണി ചെയ്തിട്ടുള്ള എല്ലാ ഇനങ്ങളിലും കരാറുകാരന്റെ ലാഭം ഉൾപ്പെടുന്ന നിരക്കിലാണ് തുക കണക്കാക്കി നൽകിയിട്ടുള്ളതെന്നും കാണുന്നു.

കൺവീനർ നിർവ്വഹണം നടത്തുന്ന ജോലികൾക്ക് ലാഭവിഹിതം അനുവദനീയമല്ല. അധികരിച്ച നിരക്കിൽ തുക നൽകിയതുമൂലം ഉണ്ടായ ആകെ നഷ്ടം 13,279.92 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽപ്പറഞ്ഞ അപാകതകൾ കോർപ്പറേഷൻ എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കോർപ്പറേഷൻ എഞ്ചിനീയർ 2-8-2006 ഇ/എസ്. 3.455/03 നമ്പർ കത്തുപ്രകാരം നൽകിയ മറുപടിയിൽ അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി എടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 13,279.92 രൂപ നഗരസഭാ ഫണ്ടിന് നഷ്ടമായിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.12)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

54. "ഓഡിറ്റ് ഒബ്ജക്ഷനിൽ പ്രതിപാദിച്ചിട്ടുള്ള 13,280 രൂപ ഈടാക്കുന്നതിന് പ്രസ്തുത കാലയളവിൽ ജോലി നോക്കിയിരുന്ന ജീവനക്കാർക്ക് നോട്ടീസ് നൽകുകയും, അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുരേന്ദ്രൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മുരളീധരൻ നായർ, ഡ്രാഫ്റ്റ്സ്മാൻ ശ്രീ. രഞ്ജിത് ബാബു എന്നിവർ മറുപടി നൽകിയിട്ടുള്ളതും, മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ജീവനക്കാരുടെ പരാതി നേരിൽ കേൾക്കുകയും, വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും തുടർപരിശോധനയിലും വന്ന വീഴ്ചമൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നതിനാൽ ഈ ഇനത്തിലുണ്ടായ 13,280 രൂപ ടി ജീവനക്കാരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതും, ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ തുക അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതാണ്".

55. ടി ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് "ഓഡിറ്റ് നിരാകരിച്ച തുക പ്രസ്തുത കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുരേന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. മുരളീധരൻ നായർ, ഡ്രാഫ്റ്റ്മാൻ ശ്രീ. രഞ്ജിത് ബാബു എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കുന്നതിന്

നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുരേന്ദ്രൻ തുക അടച്ചുവെന്നും, മറ്റുള്ളവർ തുക അടച്ചിട്ടില്ലെന്നും" തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുക അടയ്ക്കാത്തവരുടെ പേരിൽ ഒരു മാസത്തിനുള്ളിൽ ആർ.ആർ. നടപടികൾ നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും, തുക അടച്ച അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുരേന്ദ്രനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാനും സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

56. **ഓഡിറ്റ് നിരാകരിച്ച തുക പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും ഒരു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. തുക തിരിച്ചടയ്ക്കാത്ത ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും നഷ്ടം വന്ന തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വില ഈടാക്കിയിട്ടില്ല—നഷ്ടം 7,338 രൂപ**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | .. | 146/2002-03 |
| പ്രവൃത്തിയുടെ പേര് | .. | ചരുവിളച്ചേരി പരിഷ്ക്കരണം |
| നിർവ്വഹണ രീതി | .. | ഗുണഭോക്തൃ സമിതി മുഖേന |
| കൺവീനറുടെ പേര് | .. | ശ്രീ. എ. അനിൽകുമാർ |
| അടങ്കൽ തുക | .. | 15 ലക്ഷം രൂപ |
| കരാർ തീയതി | .. | 9-8-2000 |
| എം.ബുക്ക് നമ്പർ | .. | 45/2001-02 |

മേൽ പ്രവൃത്തിയുടെ എം. ബുക്കിന്റെ 47-ാം പേജിൽ ആകെ 53.97 ഘനമീറ്റർ പാറ പൊളിച്ച് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബില്ല് പരിശോധിച്ചതിൽ 25.58 ഘനമീറ്റർ പാറ മാത്രമേ കരിങ്കൽ ഭിത്തി കെട്ടാൻ ഉപയോഗിച്ചിട്ടുള്ളൂ (ഇനം നമ്പർ 5) ബാക്കി 28.39 ഘനമീറ്റർ പാറയുടെ വില ഫൈനൽ ബില്ലിൽ നിന്നും കുറച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് ഉപയോഗ ശൂന്യമാണെന്നുള്ള എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും ഇല്ല. പൊളിച്ചെടുത്ത പാറ മുഴുവൻ ഉപയോഗിക്കാതെ പുതുതായി പാറ ഇറക്കി തലച്ചുമടായി പണിസ്ഥല ത്തെത്തിച്ച ഇനത്തിൽ ഉണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 28.39 ഘ.മീ. പാറയുടെ വില | .. | 28.39 x 160 = 4,542 രൂപ |
| 450 മീ. തലച്ചുമടിന്റെ നിരക്ക് | .. | 28.39 x 98.5 = 2,796 രൂപ |
| ഈയിനത്തിൽ ആകെ നഷ്ടം | .. | 7,338 രൂപ |

ടി നഷ്ടം ഉത്തരവാദിയായ പ്രോജക്ട് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.13.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

57. "ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുക ഈടാക്കുന്നതാണ്".

**നിഗമനങ്ങൾ/ശുപാർശകൾ**

**58. ഓഡിറ്റ് പരാമർശത്തിന് വ്യക്തമായ വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയിട്ടില്ലാത്തതിനാൽ പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ശമ്പളത്തിൽ നിന്ന് തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വില ഈടാക്കിയിട്ടില്ല. നഷ്ടം—3,739 രൂപ**

| | |
|---|---|
| പ്രോജക്ട് നമ്പർ | .. 666/2001-02 |
| പദ്ധതിയുടെ പേര് | .. ആക്കുളം-പ്രശാന്ത് നഗർ അയിത്തടി റോഡ് നവീകരണം |
| നിർവ്വഹണ രീതി | .. കരാറുകാരൻ മുഖേന |
| കരാറുകാരന്റെ പേര് | .. ശ്രീ. വി. വിജയകുമാർ |
| അടങ്കൽ തുക | .. 5,90,000 രൂപ |

പൊളിച്ചെടുത്ത കരിങ്കല്ലിന്റെ വില ഈടാക്കിയിട്ടില്ല—നഷ്ടം—3,739 രൂപ.

മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ എക്സ്ട്രാ ഐറ്റത്തിന്റെ നാലാമത്തെ ഇനമായി 23.37 ഘന മീറ്റർ കരിങ്കൽക്കെട്ട് പൊളിക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ ലഭിച്ച കരിങ്കല്ലിന്റെ വില ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. 23.37 ഘന മീറ്റർ കരിങ്കല്ലിന്റെ വില = 23.37 x 160 = 3,739.20 രൂപ.

3,739 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.14)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

59. "ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്". കോർപ്പറേഷന് ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. നഷ്ടം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

60. **കരാറുകാരനിൽ നിന്ന് തുക ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബിറ്റുമിന്റെ വില ഈടാക്കിയതിൽ കുറവ്—നഷ്ടം 3,108 രൂപ**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | .. | 298/2000-01 |
| പദ്ധതിയുടെ പേര് | .. | ശ്രീവിലാസ് ലെയ്ൻ പുനരുദ്ധാരണം |
| നിർവ്വഹണ രീതി | .. | ഗുണഭോക്തൃ സമിതി മുഖേന |
| കൺവീനറുടെ പേര് | .. | ശ്രീ. വി. ഗോപാലകൃഷ്ണൻ നായർ |
| എസ്റ്റിമേറ്റ് തുക | .. | 4,45,000 രൂപ |

മേൽ പ്രവൃത്തിക്ക് നഗരസഭാ ജനറൽ സ്റ്റോറിൽ നിന്ന് 29-3-2003-ലെ ഇൻഡന്റ് നമ്പർ 597 പ്രകാരം 9 ബാരലും 8-4-2003-ലെ ഇൻഡന്റ് നമ്പർ 1288 പ്രകാരം 6 ബാരലും ഉൾപ്പെടെ ആകെ 15 ബാരൽ ബിറ്റുമിൻ നൽകിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ലിൽ ആകെ 13 ബാരൽ ബിറ്റുമിന്റെ വില മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. അവശേഷിക്കുന്നത് രണ്ട് ബാരൽ ബിറ്റുമിൻ തിരികെ നൽകിയിട്ടുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമൂലമുണ്ടായ നഷ്ടം താഴെ ചേർക്കുന്നു :

| | |
|---|---|
| 2 ബാരൽ ബിറ്റുമിന്റെ വില | .. 2 X 1,443.15 = 2,886.30 രൂപ |
| 2 വീപ്പയുടെ വില | .. 2 X 111 = 222 രൂപ |
| ആകെ നഷ്ടം | .. 3,108.30 രൂപ |

3108.30 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.15)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

61. "ഓഡിറ്റ് ഒബ്ജക്ഷനിൽ പ്രതിപാദിച്ചിട്ടുള്ള 3,108 രൂപ രസീത് നമ്പർ 88146 തീയതി 24-10-2008 പ്രകാരം നഗരസഭാ ഫണ്ടിൽ അടച്ചിട്ടുണ്ട്."

62. ടി ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, നഷ്ടം വന്ന തുക ഈടാക്കി നഗരസഭാ ഫണ്ടിൽ അടച്ചതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

63. **കോർപ്പറേഷന് ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കിയ തായുള്ള രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് കോർപ്പറേഷൻ പണിക്ക് ടെണ്ടർ കൊടുത്തത്**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | .. | 775/2001-02 |
| പദ്ധതിയുടെ പേര് | .. | തുണ്ടുകട്ടയ്ക്കൽ-പൂജപ്പുര ചേരി നവീകരണം |
| നിർവ്വഹണ രീതി | .. | കരാറുകാരൻ മുഖേന |
| കരാറുകാരന്റെ പേര് | .. | ശ്രീ. വി. അജിത്കുമാർ |
| എസ്റ്റിമേറ്റ് തുക | .. | 5,00,000 രൂപ |

തിരുവനന്തപുരം നഗരസഭയുടെ ജനകീയാസൂത്രണം 2001-02 പ്രകാരമുള്ള പ്രോജക്ട് നമ്പർ 269/2001-02 തുണ്ടുകട്ടയ്ക്കൽ-പൂജപ്പുര ചേരി നവീകരണം പ്രോജക്ടിന് 18-12-2001-ൽ 5,00,000 രൂപ അടങ്കൽ തുക ഉപയോഗിച്ച് ചെയ്യുന്നതിന് സാങ്കേതികാനുമതി ലഭിച്ചു. പ്രസ്തുത പ്രോജക്റ്റിന്റെ പദ്ധതി വിഹിതം 1,50,000 രൂപയും തനത് ഫണ്ട് 3,50,000 രൂപയുമാണ്. ടി ചേരിയിലെ ജനങ്ങൾക്ക് നടപ്പാത, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കുക എന്നതായിരുന്നു ഈ പ്രോജക്ടിന്റെ ലക്ഷ്യം. 25-7-2001-ൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി റ്റി.നം. 9/2002 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത പ്രോജക്ട് 4,97,155 രൂപയ്ക്ക് 2 മാസത്തിനകം ചെയ്തു തീർക്കാമെന്ന വ്യവസ്ഥയിൽ ശ്രീ. വി. അജിത്കുമാറിന്റെ ടെണ്ടർ അംഗീകരിക്കുകയും 24-7-2002-ൽ എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. ടി വർക്കിനുവേണ്ടി ലവൽസ് എടുക്കുകയും സൈറ്റ് വൃത്തിയാക്കുകയും ചെയ്തപ്പോഴാണ് ടി സ്ഥലം കേരള വാട്ടർ അതോറിറ്റി പൊന്നുംവിലയ്ക്ക് എടുത്തിരിക്കുന്നതായി കൗൺസിലറും നാട്ടുകാരും അറിയിച്ചത്. തുടർന്ന് ടി സ്ഥലത്ത് പണി നടത്താൻ ബുദ്ധിമുട്ടാണെന്ന് എ.ഇ.യും കൗൺസിലറും അറിയിക്കുന്നു. 27-11-2002-ൽ കൂടിയ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ 2 (6) കരാർ റദ്ദ് ചെയ്ത് നിരതദ്രവ്യവും കരാറുകാരന് തിരിച്ച് നൽകുന്നതിന്

കൗൺസിലിനോട് ശുപാർശ ചെയ്തു. തുടർന്ന് 16-12-2002-ൽ കൂടിയ കൗൺസിൽ തീരുമാനം നമ്പർ 3 ഇ (1) പ്രകാരം നിരതദ്രവ്യം മടക്കി നൽകുന്നതിന് തീരുമാനിച്ചു. നഗരസഭ റോഡ് നിർമ്മാണത്തിന് ഉദ്ദേശിച്ച സ്ഥലം ഡ്രൈയിനേജ് ലയിനിനുവേണ്ടി കെ.ഡബ്ല്യു.എ. പൊന്നുംവിലയ്ക്കെടുത്തിട്ടുള്ളതാണെന്ന വസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കിയ നഗരസഭാ ഉദ്യോഗസ്ഥർ മനസ്സിലാക്കേണ്ടതായിരുന്നു. സൈറ്റ് സന്ദർശിക്കാതെ എസ്റ്റിമേറ്റ് എടുക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഇത്തരം പോരായ്മകൾ ഒഴിവാക്കാൻ ഭരണതലത്തിൽ നടപടി എടുക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.16)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

64. "വാർഡ്സഭ, വികസന സെമിനാർ, കൗൺസിൽ എന്നിവയെല്ലാം അംഗീകരിച്ചശേഷമാണ് ഈ പ്രോജക്ട് ടെണ്ടർ ചെയ്തിട്ടുള്ളത്. പ്രോജക്ട് അംഗീകരിച്ച മേൽ ഘടകങ്ങളൊന്നും തന്നെ ഈ വിഷയം ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ടി പദ്ധതി നിറുത്തിവച്ചിട്ടുള്ളതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്."

65. വാട്ടർ അതോറിറ്റി പൊന്നുംവിലയ്ക്കെടുത്ത സ്ഥലത്ത് കോർപ്പറേഷൻ പണിക്ക് ടെണ്ടർ കൊടുത്തതിനെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത സ്ഥലത്ത് കോർപ്പറേഷന്റെ എന്തെങ്കിലും പണി നടത്തുകയോ പണം ചെലവാക്കുകയോ ചെയ്തിട്ടില്ലെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

66. **നിയുക്തസ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് എടുക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഇത്തരം പോരായ്മകൾ ഒഴിവാക്കുന്നതിനായി ഭാവിയിൽ പുതിയതായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധയും പരിശോധനയും നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൈക്കാട് ശാസ്താക്ഷേത്രം ലെയിൻ—റീടാറിംഗ്—കരാറുകാരൻ അറിയാതെ മറ്റാരോ പ്രവൃത്തി ചെയ്തതു സംബന്ധിച്ച് നഗരസഭാ പൊതുമരാമത്തു എഞ്ചിനീയർമാരുടെ നിരുത്തരവാദിത്വം.**

| | |
|---|---|
| പദ്ധതിയുടെ പേര് | .. തൈക്കാട് ശാസ്താക്ഷേത്രം ലെയിൻ പുനരുദ്ധാരണം |
| ഫയൽ നമ്പർ | .. ഇ7/781/2001-02 |
| നിർവ്വഹണ രീതി | .. കരാറുകാരൻ മുഖേന |
| കരാറുകാരന്റെ പേര് | .. ശ്രീ. വി. അജിത്കുമാർ |
| അടങ്കൽ തുക | .. 75,000 രൂപ |
| പ്രോജക്ട് നമ്പർ | .. 781/2001-02 |

തൈക്കാട് ശാസ്താക്ഷേത്രം ലെയിൻ പുനരുദ്ധാരണം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിലേക്കായി 75,000 രൂപ അടങ്കൽ തുക നിശ്ചയിച്ച് 'കേരള കൗമുദി', 'ദേശാഭിമാനി' ദിനപത്രങ്ങളിൽ പരസ്യം ചെയ്യുകയും അതു പ്രകാരം ലഭിച്ച ഒരേയൊരു ടെണ്ടർ അംഗീകരിച്ച് കരാറുകാരൻ ശ്രീ. വി. അജിത്കുമാറിന് 5-2-2002-ൽ വർക്ക് ഓർഡർ നൽകിയിട്ടുള്ളതായും കാണുന്നു. ടി പ്രവൃത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി 16-5-2002-ലെ കുറിപ്പിൽ പ്രോജക്ട് എഞ്ചിനീയർ ആരാഞ്ഞിട്ടുള്ളതിന് മറുപടിയായി പ്രസ്തുത പണി നടപ്പാക്കേണ്ടത് ആവശ്യമാണെന്ന് 28-5-2002-ൽ എ.ഇ.-യും 30-5-2002-ൽ എ.ഇ.ഇ.1-ഉം കുറിപ്പെഴുതിയിട്ടുണ്ട്. 31-7-2002-നുള്ളിൽ പണി തീർക്കണം എന്നുള്ള വ്യവസ്ഥയിൽ 21-6-2002-ൽ കരാറുകാരനുമായി സെക്രട്ടറി കരാറിൽ ഒപ്പിടുകയും പിന്നീട് പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 31-10-2002 വരെ നീട്ടികൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറിലൊപ്പിട്ട് ഒരു വർഷത്തിലേറെ കഴിഞ്ഞ് 18-7-2003-ൽ പ്രസ്തുത പണി മറ്റാരോ ചെയ്തു തീർത്തിട്ടുള്ളതായി എ.ഇ2 കുറിപ്പ് ഫയലിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഇതിന് തുടർച്ചയായി എ.ഇ.ഇI. 23-7-2003-ൽ എഴുതിയിട്ടുള്ള കുറിപ്പിൽ പ്രസ്തുത പണി മറ്റൊരു ഏജൻസി ചെയ്തിട്ടുള്ളതിനാൽ വാർഡു കൗൺസിലറുമായി ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി ക്ലോസ്സ് ചെയ്യുകയും ഇ.എം.ഡി. തുക തിരിച്ചു നൽകുകയും ചെയ്യാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 17-9-2003-ൽ ഇ.എം.ഡി. തിരിച്ചു നൽകിയിട്ടുണ്ട്. ടി പദ്ധതിയെപ്പറ്റിയുള്ള ഓഡിറ്റ് അഭിപ്രായം താഴെ ചേർക്കുന്നു :

(1) ഒരു പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ആ പ്രോജക്ടിൽ ഉൾപ്പെടുന്ന പണി യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ എന്ന് പരിശോധിക്കാൻ നിയുക്തരായ എഞ്ചിനീയർ പണിസ്ഥലം സന്ദർശിക്കുകയോ, പരിശോധിക്കുകയോ ചെയ്യുന്നില്ല എന്നുള്ളതിന് ഉത്തമ ദൃഷ്ടാന്തമാണ് പ്രസ്തുത പ്രോജക്ട്. പ്രവൃത്തിയുടെ ആവശ്യകതയെപ്പറ്റി പി.ഇ. പ്രത്യേകം ആരാഞ്ഞിട്ടും ശരിയായ അന്വേഷണം നടത്താതെ എ.ഇ. III-ഉം എ.ഇ.ഇ.I-ഉം പണി നടത്തേണ്ടത് ആവശ്യമാണെന്നുള്ള റിപ്പോർട്ട് നൽകി എന്നുള്ള കാര്യം ശ്രദ്ധേയമാണ്.

(2) നഗരസഭയിലെ ഒരു പ്രോജക്ടിൽ ഉൾപ്പെടുന്ന പണി എഞ്ചിനീയർമാരോ, കൗൺസിലർപോലുമോ അറിയാതെ എങ്ങനെ പൂർത്തിയായി എന്നുള്ള കാര്യം അന്വേഷിക്കേണ്ടതാണ്.

(3) ഇല്ലാത്ത ഒരു പ്രോജക്ടിനുവേണ്ടി രണ്ടു ദിനപത്രങ്ങളിൽ പരസ്യം നൽകിയത് നഗരസഭാ ഫണ്ട് വിനിയോഗത്തിലെ പാഴ്ചെലവിനും സൂക്ഷ്മതക്കുറവിനും ഉദാഹരണമാണ്. ഈ വിധത്തിൽ ചെലവായ തുക എത്രയെന്നു തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(4) പ്രസ്തുത പണിക്കുവേണ്ടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, സാങ്കേതികാനുമതി നേടുകയും ടെണ്ടർ ക്ഷണിക്കുകയും കരാറിലൊപ്പിടുകയും ചെയ്തത് ഫലത്തിൽ പാഴ്വേലയായി മാറുകയാണ് ചെയ്തിട്ടുള്ളത്.

(5) തിരുവനന്തപുരം നഗരസഭയിലുള്ള മരാമത്തു പണികളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ, തങ്ങളിൽ അർപ്പിതമായ കർത്തവ്യം ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നില്ലെന്നതിനു ഉദാഹരണമായി മേൽ പ്രോജക്ടിലുണ്ടായ പാളിച്ചയെ വിലയിരുത്താം.

(6) മരാമത്ത് പണികളിൽ മേലധികാരികൾ അവസരോചിതമായ പരിശോധന നടത്തുന്നില്ലെന്നതിനും തെളിവാണിത്.

(7) ഈ ആഫീസിൽ നിന്നും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇതേവരെ തയ്യാറാക്കാത്ത 'റോഡ് രജിസ്റ്ററി'ന്റെ അഭാവം മേൽ വിവരിച്ച പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ ആവർത്തിക്കാൻ കാരണമാകും.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.17)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

67. "തൈക്കാട് ശാസ്താക്ഷേത്രം ലെയിൻ പുനരുദ്ധാരണം എന്ന 781/01-02 നമ്പർ പ്രോജക്ട് വർക്ക് നടപ്പിലാക്കുന്നതിലേക്ക് 75,000 രൂപയുടെ അടങ്കൽ തയ്യാറാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കി ശ്രീ. വി. അജിത്കുമാർ എന്ന കരാറുകാരന് നൽകുകയുണ്ടായി. എന്നാൽ എഗ്രിമെന്റ് വച്ച് പണി തുടങ്ങുന്ന അവസരത്തിൽ മറ്റൊരു വർക്കിലുൾപ്പെടുത്തി പൂർത്തീകരിച്ചതായി കണ്ടു. ഈ സാഹചര്യത്തിൽ ഈ വർക്ക് തുടർന്ന് നടത്തുകയുണ്ടായില്ല."

68. തൈക്കാട് ശാസ്താക്ഷേത്രം ലെയിൻ റീടാറിംഗ് എന്ന പ്രവൃത്തി മറ്റൊരു വർക്കിൽ ചെയ്തു എന്നതിന് രേഖയുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറ്റൊരു വർക്കിലുൾപ്പെടുത്തി പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

69. **ശരിയായ രീതിയിലുള്ള അന്വേഷണത്തിന്റെ അഭാവംമൂലം ഇല്ലാത്ത ഒരു പണിക്കുവേണ്ടി പ്രോജക്ട് തയ്യാറാക്കുക, പത്രത്തിൽ പരസ്യം കൊടുക്കുക, ടെണ്ടർ ക്ഷണിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചതുമൂലം നഗരസഭാഫണ്ട് പാഴാക്കിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

70. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശമുള്ള വർക്ക് നടന്നിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരത്തിലെ ദരിദ്രർക്കുള്ള സൗജന്യ വൈദ്യുതീകരണ പദ്ധതിയുടെ ചെലവ് രേഖകളിലെ തടസ്സപ്പെടുത്തിയ തുക–7,97,106**

| | | |
|---|---|---|
| ഫയൽ നമ്പർ | .. | ജെ7/26976/98 |
| കരാറുകാരൻ | .. | ശ്രീ. മധുസൂദനൻ നായർ (സൗത്ത് സെക്ഷൻ) |
| | .. | ശ്രീ. ജയചന്ദ്രൻ (നോർത്ത് സെക്ഷൻ) |

നൽകിയ തുകയുടെ വിവരം

2,44,173 രൂപ ചെക്ക് നമ്പർ 094569 തീയതി 12-6-1998 (നോർത്ത് സെക്ഷൻ)

41,486 രൂപ ചെക്ക് നമ്പർ 314099 ഇല്ല (നോർത്ത് സെക്ഷൻ)

2,49,601 രൂപ ചെക്ക് നമ്പർ 94570 തീയതി 12-6-1998 (സൗത്ത് സെക്ഷൻ)

2,61,846 രൂപ ചെക്ക് നമ്പർ 460204 തീയതി 22-6-1998 (സൗത്ത് സെക്ഷൻ)

നഗരത്തിലെ 50 വാർഡുകളിൽ ഓരോ വാർഡിലും സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വീട് വയറിംഗ് നടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക എന്ന ഒരു പദ്ധതിയായിരുന്നു ഇത്. ഒരു വീടിന് 7,000 രൂപയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. തുടർന്ന് വിവിധ വാർഡുകളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നോർത്ത് സെക്ഷൻ പരിധിയിൽ 171 വീടുകളും അസിസ്റ്റന്റ് എഞ്ചിനീയർ സൗത്ത് സെക്ഷൻ പരിധിയിൽ 178 വീടുകളും വയറിംഗ് നടത്തിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടി വേല നിർവ്വഹിച്ചതിന് മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വീട് വൈദ്യുതീകരണം നടത്തിയതിന്റെ രേഖകളോ, വയറിംഗ് മെറ്റീരിയൽ വാങ്ങിയതിന്റെ രേഖകളോ, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകളോ വൈദ്യുതി ബോർഡിന് സി.ഡി. അടച്ചതിന്റെ രേഖകളോ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (14-4/8/06) നൽകിയിട്ടും ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ ടി പദ്ധതിക്കായി ചെലവഴിച്ച 7,97,106 രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.18)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

71."നഗരത്തിലെ 50 വാർഡുകളിൽ ഓരോ വാർഡിലും സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വീട് വയറിംഗ് നടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക എന്ന ഒരു പദ്ധതിയായിരുന്നു ഇത്. ഒരു വീടിന് 7,000 രൂപയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. 14-5-1998-ൽ കൂടിയ ഊർജ്ജ

കമ്മിറ്റിയുടെ അംഗീകാരപ്രകാരമുള്ള 178 വീടുകളുടെ ലിസ്റ്റ് അംഗീകരിച്ച് വയറിംഗ് മെറ്റീരിയൽസ് ഉൾപ്പെടെ വാങ്ങി വയറിംഗ് നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 2 സോൺ തിരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. കരാരുകാർ വഴി സി.ഡി. അടച്ച് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതുമാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 4-6-1998-ൽ പ്രോജക്ട് പ്രകാരമുള്ള വയറിംഗ് പൂർത്തീകരിച്ച് കോർപ്പറേഷൻ എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പേയ്മെന്റ് നടത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു''.

72. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് "ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് രണ്ടു ഫയലുകളാണുണ്ടായിരുന്നതെന്നും, 87 വീടുകൾക്ക് വയറിംഗ് ചെയ്തതിന്റെ രേഖ സംബന്ധിച്ച ഫയൽ ഉണ്ടെന്നും, ബാക്കി വീടുകൾക്ക് വയറിംഗ് നടത്തിയതിന്റെ രേഖ മറ്റൊരു ഫയലിലാണുള്ളതെന്നും'' തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

73. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വീടുകൾ വയറിംഗ് നടത്തിയതിൽ ഇനിയും കണ്ടെത്താനുള്ള ഫയലുകൾ കണ്ടെത്തി അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ആയതു പരിശോധിച്ച് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ദൃഢതയുള്ള മണ്ണ് കുഴിച്ചെടുക്കൽ വേല നിർവ്വഹിച്ചതിന് അധിക നിരക്ക് നൽകി— നഷ്ടം 1,203 രൂപ**

| | |
|---|---|
| പദ്ധതിയുടെ പേര് | .. മുടവൻമുഗൾ ഡിവിഷനിലെ വടക്കേ കോളനി പരിഷ്ക്കരണം |
| ഫയൽ നമ്പർ | .. പി.ആർ.ഇ2/15418/97 |
| കരാറുകാരൻ | .. കെ. സുരേഷ്കുമാർ |
| അടങ്കൽ | .. 6,17,284 (പുതുക്കിയത്) |
| അളവു പുസ്തകം | .. 14/97-98 |
| സി.സി. ഫസ്റ്റ് & ഫൈനൽ ബിൽ | : 7,18,234 |
| ചെക്ക് നമ്പർ | : 665546 25-2-1999 |

1996 ഷെഡ്യൂൾ നിരക്ക്

ടി ചേരി പരിഷ്ക്കരണ പദ്ധതിയിൽ 3 ലെയിൻ നിരത്തുകളാണ് കോൺക്രീറ്റ് ചെയ്തിരിക്കുന്നത്. ഓരോ ലെയിനിലും യഥാക്രമം 60.98 എം$^3$, 80.55 എം$^3$, 117.468 എം$^3$ എന്നിങ്ങനെയായും ആകെ 258.99 എം$^3$ മണ്ണ് കുഴിച്ചെടുക്കുന്ന വേല നിർവ്വഹിച്ചിട്ടുണ്ട്,

ദൃഢതയുള്ള മണ്ണിൽ നിർവ്വഹിച്ച ടി കുഴിച്ചെടുക്കൽ വേലയ്ക്ക് എം$^3$-ന് 390.40 രൂപ നിരക്കിലാണ് കൺവീനർക്ക് തുക നൽകിയിരിക്കുന്നത്. ടി വേലയ്ക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു (1996 ഷെഡ്യൂൾ നിരക്ക്) സ്റ്റാൻഡേർഡ് ഡേറ്റാ ഐറ്റം 57.

| | | |
|---|---|---|
| 3.60 പുരുഷൻ @ 57 | : | 205.20 രൂപ |
| 2.50 ആൺകുട്ടി @ 43 | : | 107.50 രൂപ |
| | | 312.70 രൂപ/10 എം$^3$ |
| സി.പി 10% | : | 31.27 |
| ആകെ | : | 343.97 രൂപ/10എം$^3$ |
| അനുവദനീയമായ തുക | : | $\frac{343.97 \text{ X } 258.99}{10}$ |
| | = | 8,908.47 രൂപ |
| നൽകിയ തുക | : | $\frac{390.60 \text{ X } 258.99}{10}$ |
| | = | 10,110.97 രൂപ |
| അധികം നൽകിയത് | = | 10,111-8,908 = 1,203 |

അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.19)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

74. "ടി പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.'' ടി ഓഡിറ്റ് പരാമർശത്തിന് വിശദീകരണം സമിതി ആരാഞ്ഞതിന് കരാറുകാരനായിരുന്ന സുരേഷ് കുമാറിന്റെ കയ്യിൽനിന്നും മുഴുവൻ തുകയും ഈടാക്കിയതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

75. **കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത രേഖകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടതിലെ കാലവിളംബംമൂലമുണ്ടായ നഷ്ടം— 8,500 രൂപ**

| | |
|---|---|
| പദ്ധതിയുടെ പേര് | .. പൂങ്കുളം വാർഡിൽ കല്ലടിച്ചാമ്മൂല ചേരി പരിഷ്ക്കരണം (151/01-02) |
| കരാറുകാരൻ | .. ശ്രീ. സി. ബി. ജി. തിലകൻ |
| അടങ്കൽ | .. 7,77,196 (പുതുക്കിയത്) |
| അളവു പുസ്തകം | .. 12/00-01, 14/93-94 (ഹാജരാക്കിയിട്ടില്ല) |
| സി.സി. 2 & ഫൈനൽ ബിൽ | .. 3,20,850 രൂപ |

ചെക്ക് നമ്പർ 993568 19-3-2003

2000-2001 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച ഒരു വേലയായിരുന്നു ഇത്. കരാറുകാരൻ നിർവ്വഹിച്ച ടി വേലയുടെ സെലക്ഷൻ നോട്ടീസ് 29-1-2002-ൽ ആണ് കരാറുകാരന് നൽകിയിരിക്കുന്നത്. എന്നാൽ ടി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടുന്നത് 14-3-2002-ൽ മാത്രമാണ്. സെലക്ഷൻ നോട്ടീസ് നൽകിയതിനുശേഷം കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതിന് നിയമാനുസൃതമായി അനുവദിക്കാവുന്ന കാലയളവ് 20 ദിവസം മാത്രമാണ്. അതനുസരിച്ച് 19-2-2002-നുള്ളിൽ കരാറുകാരനുമായി ഉടമ്പടിവെച്ച് വേല ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ ടി കരാറിൽ 14-3-2002 വരെ 40 ദിവസത്തെ കാലവിളംബം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം അനുവദനീയമായ കാലയളവിനുശേഷം കരാർ ഉടമ്പടിയിൽ ഏർപ്പെടാൻ കരാറുകാരനിൽനിന്നും പിന്നീടുള്ള 10 ദിവസത്തേക്ക് കരാർ തുകയുടെ 1% (മിനിമം 500 പരമാവധി 15,000 രൂപ) പിഴ ഈടാക്കുവാനും, 30 ദിവസം കഴിഞ്ഞാൽ കരാർ റദ്ദ് ചെയ്ത് തൊട്ടടുത്ത ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്ന ആൾക്ക് കരാർ നൽകണമെന്നും കേരള പി.ഡബ്ല്യൂ.ഡി. കോഡ് ഒന്ന് 4-10-2005-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പിഴ ഈടാക്കാതിരുന്നതുമൂലമുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

കരാർ തുക .. 8,49,982 രൂപ

പിഴ 1% .. $\frac{8,49,982 \times 1}{100}$

= 8,499.82

= 8,500 രൂപ (20 മുതൽ 30 വരെയുള്ള 10 ദിവസത്തേക്ക് മാത്രം)

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.20)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

76. "ടി പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ടി കാലയളവിൽ ജോലി ചെയ്തിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തപക്ഷം ടിയാനിൽ നിന്നോ/കരാറുകാരിൽ നിന്നോ തുക ഈടാക്കുന്നതാണ്".

77. ടി ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് "വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും, നഗരസഭയ്ക്ക് നഷ്ടമായ 8,500 രൂപ കരാറുകാരന്റെ അടുത്ത ബില്ലിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു".

**നിഗമനങ്ങൾ/ശുപാർശകൾ**

78. **കരാറുകാരനിൽനിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുടവൻമുഗൾ ഡിവിഷനിൽ വടക്കേകോളനി ചേരി പരിഷ്ക്കരണം അപാകതകൾ സംബന്ധിച്ച്**

| | |
|---|---|
| അടങ്കൽ | .. 1,45,000 (പുതുക്കിയത് 3,23,791) |
| ഫയൽ നമ്പർ | .. പി.ആർ.ഇ2/1067/97 |
| കരാറുകാരൻ | .. കെ. ജയകുമാർ |
| അളവു പുസ്തകം | .. 11/97-98 (ഹാജരാക്കിയിട്ടില്ല) |

സി.സി. ഫസ്റ്റ് & ഫൈനൽ ബിൽ - 421229/ചെക്ക് നമ്പർ 715051/17-4-1998

ടി വേലയുമായി ബന്ധപ്പെട്ട ഫയലിന്റെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു :

(1) ടി വേലയ്ക്ക് 1,45,000 രൂപയുടെ അടങ്കലാണ് തയ്യാറാക്കിയിരുന്നത്. പിന്നീട് ടി തുക 3,23,791 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ആയതിന് കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത് ടി കോളനി പരിഷ്ക്കരണത്തിന്റെ ഭാഗമായി റോഡ് നിർമ്മാണത്തിന് മണ്ണ് വെട്ടിയിടുമ്പോൾ സമീപമുള്ള 3 വീടുകളുടെ സുരക്ഷയെ ബാധിക്കുമെന്നാണ്. ഇതിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സാങ്കേതിക വിദഗ്ദ്ധർ സൈറ്റ് നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെടുത്തിയില്ലായെന്ന് വ്യക്തമാണ്. തന്മൂലമാണ് ടി വേലയുടെ അടങ്കൽ ഇരട്ടി തുകയ്ക്ക് പുതുക്കി നിശ്ചയിക്കേണ്ടി വന്നതും. പുതിയ ഇനം വേലകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയും വന്നത്. മറ്റുപല മരാമത്തു വേലകളിലും ടി പ്രവണത തുടർന്നു വരുന്നതായി ഓഡിറ്റിൽ കാണുവാൻ കഴിഞ്ഞു. ടി വസ്തുത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(2) ടി വേലയുടെ ആദ്യഎസ്റ്റിമേറ്റിൽ ടാറിംഗ് അടക്കമുള്ള വേലകളാണ് നിർവ്വഹിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ മെറ്റലിംഗ് ടാറിംഗ് അടക്കമുള്ള വേലകൾ പൂർണ്ണമായി ഒഴിവാക്കി കോൺക്രീറ്റ് വേലകളാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇപ്രകാരം മുൻ എസ്റ്റിമേറ്റ് പ്രകാരമുള്ള വേലയുടെ ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി ടി വേല നിർവ്വഹിക്കേണ്ടി വന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.21)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

79. (1) "എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ആദ്യം മെറ്റലിംഗ്, ടാറിംഗ് നടത്താൻ ഉദ്ദേശിച്ചിരുന്ന റോഡിനേക്കാൾ ആളുകൾ കൂടുതലായി ഉപയോഗിക്കുന്ന ഇടവഴികൾ കോൺക്രീറ്റ് ചെയ്യണമെന്ന് വാർഡ് കൗൺസിലറുടേയും നാട്ടുകാരുടേയും ആവശ്യം കണക്കിലെടുത്താണ് ലൈൻ കോൺക്രീറ്റ് ചെയ്തത്. 60 മീറ്റർ നീളത്തിൽ 30 സെ. മീ. വീതിയിലുള്ള നടവഴിയാണ് കോൺക്രീറ്റ് ചെയ്തത്".

80. പ്രസ്തുത ചേരി പ്രദേശം നേരിട്ട് പരിശോധിച്ചതിന് ശേഷമാണോ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് സമിതി ആരാഞ്ഞതിന് ചേരിപ്രദേശത്ത് പോയി ആദ്യം എസ്റ്റിമേറ്റെടുത്തപ്പോൾ അവിടെയുള്ളവർ സ്ഥലം വിട്ടുതന്നിരുന്നില്ലെന്നും, ആയതുകൊണ്ട് എസ്റ്റിമേറ്റ് മാറ്റി വേറെ എടുക്കുകയായിരുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

81. എം. ബുക്കിൽ പ്രസ്തുത വർക്ക് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, പണി പൂർത്തിയാക്കി ബിൽ കൊടുത്തിട്ടുണ്ടെന്നും എന്നാൽ എം. ബുക്ക് കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

82. **എം. ബുക്ക് എഴുതി ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. നഷ്ടപ്പെട്ടുവെന്നു പറയുന്ന എം. ബുക്ക് അടിയന്തിരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, അതിനു സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ബാദ്ധ്യത തുക ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയതിന് രേഖകൾ ഇല്ല—തടസ്സപ്പെടുത്തിയ തുക 28,000 രൂപ**

| | |
|---|---|
| പദ്ധതിയുടെ പേര് | .. തൃക്കണ്ണാപുരം വാർഡിൽ തച്ചൻവിള എസ്.സി./എസ്.ടി. കോളനി ചേരി പരിഷ്ക്കരണം |
| ഫയൽ നമ്പർ | .. ജെ.ആർ./ആർ. 46/008914/99 |
| കൺവീനർ | .. ശ്രീ. പി. ജി. രവി, ടി.സി.18/3 പനയവിള വീട്, തെക്കുംഭാഗം തിരുമല പി.ഒ., തിരുവനന്തപുരം. |
| തുകയും ചെക്കു നമ്പരും | .. 28,000 ചെക്ക് നമ്പർ 834542 31-3-1999 |
| അടങ്കൽ | .. 15,60,000 |

ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ 1999-2000 വർഷം ആരംഭിച്ച ടി ചേരിനിർമ്മാണ പദ്ധതിയുടെ ഭാഗമായി ജലവിതരണ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 28,000 രൂപ മേൽ ചെക്ക് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റുരസീതോ, തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിനും രേഖകൾ ഇല്ല. ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറിക്കും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവു തുകയായ 28,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ടി പദ്ധതിയുടെ ഭാഗമായി 20 ലാട്രിനുകളും റോഡ് മെറ്റലിംഗ് വിഭാവനം ചെയ്തിരുന്നുവെങ്കിലും ടി വേലകളൊന്നും തന്നെ പദ്ധതിയിൽ നിർവ്വഹിച്ചിട്ടില്ല. പദ്ധതിയിൽ ടി വേലകൾക്ക് തുക വകകൊള്ളിച്ചിരുന്നിട്ടും ആയത് നിർവ്വഹിക്കാതെ തുക പാഴാക്കികളയുകയാണുണ്ടായത്. തന്മൂലം ടി പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.22)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

83. "തൃക്കണ്ണാപുരം വാർഡിലെ തച്ചൻവിള എസ്.സി./എസ്.ടി പ്രോജക്ട് പ്രകാരം 28,000 രൂപ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി കൗൺസിലിന്റെ അനുമതിയോടുകൂടി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുള്ളതാണ്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനു അറിയിപ്പും ഓർമ്മക്കുറിപ്പും നൽകിയിട്ടുള്ളതാണ്".

84. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച്, വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് രസീത് നൽകാറില്ലേയെന്ന് സമിതി ആരാഞ്ഞതിന് 28,000 രൂപ അടച്ചതിന്റെ രസീത് നൽകിയിട്ടില്ലെന്നും, എന്നാൽ വർക്ക് പൂർത്തിയാക്കിയിട്ടുണ്ടെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

85. **വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വേലയ്ക്ക് കോർപ്പറേഷൻ പണം നൽകാനുണ്ടെങ്കിൽ അതിൽ നിന്നും 28,000 രൂപ കുറച്ച് ബാക്കി പണം അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വർക്ക് പൂർത്തീകരിച്ചു എന്ന കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എർത്ത് വർക്ക് എസ്ക്കവേഷന് (സാധാരണ മണ്ണിൽ) അധിക നിരക്ക് നൽകിയതുമൂലമുള്ള നഷ്ടം—615 രൂപ**

ടി വേലയുടെ 2-ാം ഇനമായി 226.69 എം$^3$ സാധാരണ മണ്ണ് കുഴിച്ചെടുക്കുന്ന വേല നിർവ്വഹിച്ചിട്ടുണ്ട്. ടി വേലയ്ക്ക് 10എം$^3$-ന് 190.45 രൂപ നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു (1996-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം):

0.90 പുരുഷൻ @ 57 .. 51.30 രൂപ

2.75 ആൺകുട്ടി @ 43 .. 118.25 രൂപ

169.55 രൂപ/10 $m^3$

അനുവദനീയമായ തുക .. $\frac{169.55 \times 226.69}{10}$ = Rs. 3,844

നൽകിയ തുക = 4,317

അധികം നൽകിയത് = 4317-3844 = 473.03 + 30% അധികം

= ($\frac{473 \times 30}{100}$ = 142)

= 473 + 142 = 615 രൂപ

ടി തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.22 (1)]

86. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ബന്ധപ്പെട്ട കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്".

87. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം 16-6-2009-ൽ ഈടാക്കിയതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

88. **നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേല പൂർത്തിയാക്കിയതിന്റെ രേഖകൾ ഇല്ല ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതിയുടെ പേര് | .. ആറന്നൂർ എൻ.എസ്.എസ്. കരയോഗം റോഡ് നന്നാക്കൽ |
| പ്രോജക്ട് നമ്പർ | .. 297/1999-2000 |
| അളവുപുസ്തകം | .. 68/96-97 (ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല) |
| കരാറുകാരൻ | .. കെ. വിനു |

സി.സി. ഒന്നാം പാർട്ട് ബിൽ.. 58,329 രൂപ ചെക്ക് നമ്പർ 67704/31/3/00

ടി മരാമത്ത് വേലയുടെ ഒന്നാം പാർട്ട് ബില്ലായി 58,329 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അളവു പുസ്തകമോ പാർട്ട് ബില്ലോ ഫയലിനോടൊപ്പം ആഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ആവശ്യപ്പെട്ടും വേലയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ആഡിറ്റ് എൻക്വയറി (13-2/8-06) യും മറുപടി നൽകിയിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 58,329 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വേല പൂർത്തീകരിക്കാതെ ഉപേക്ഷിക്കുന്നപക്ഷം തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.23)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

89. "ആറ്റുകാൽ വാർഡിൽ എൻ.എസ്.എസ്. കരയോഗം റോഡ് നന്നാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ അടങ്കൽ തുക 86,000 രൂപയാണ്. ടി പ്രവൃത്തിയിൽ 150 മീറ്റർ ലെയ്ൻ ($260m^2$) കോൺക്രീറ്റും 150 മീറ്റർ ഓടപണിയും കൾവർട്ടുമാണ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. ടി വർക്ക് ഏറ്റെടുത്ത് നടത്തിയ കരാറുകാരൻ

112 മീറ്റർ ഓടയുടെ പണിയും 223$m^2$ ലെയ്ൻ കോൺക്രീറ്റിംഗുമാണ് നടത്തിയിട്ടുള്ളത്. ആയതിന് ചെലവായ 65,135.26 രൂപയിൽ 0.5% ടെണ്ടർ കിഴിച്ച് (325.67 രൂപ) 10% റെസ്റ്റൊറേഷ (6,480.95 രൂപ) നും കിഴിച്ച് ബാക്കി 58,329 രൂപാ കരാറുകാരനായ ശ്രീ. കെ. വിനുവിന് നൽകിയിട്ടുണ്ട്. തുടർന്ന് ബന്ധപ്പെട്ട ഫയലും എം. ബുക്കും സെക്ഷനിൽ നിന്നും മിസ്പ്ലെയ്സ് ആയതിനാൽ ഓഡിറ്റിന് നൽകാൻ കഴിഞ്ഞില്ല. ഇപ്പോൾ ടി ഫയലും എം. ബുക്കും കിട്ടിയിട്ടുണ്ട്. ടി ഫയൽ പ്രകാരമുള്ള പണികൾ ഇപ്പോൾ ആവശ്യമില്ല. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. എം.ബുക്കും, ഫയലും ഇതോടൊപ്പം ഹാജരാക്കുന്നു. എം.ബുക്ക് നമ്പർ 68/96-97".

90. ടി ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ആറ്റുകാൽ വാർഡിൽ എൻ.എസ്.എസ്. കരയോഗം റോഡ് നന്നാക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ എം.ബുക്കും, ഫയലുകളും ലഭിച്ചിട്ടുണ്ടെന്നും, ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി കൊടുത്തിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

91. എന്നാൽ എം.ബുക്കും, ഫയലുകളും ലഭ്യമായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

92. **പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലാട്രിൻ നിർമ്മാണം പൂർത്തിയാക്കാത്ത പ്രവൃത്തിക്ക് തുക നൽകിയത് നിരാകരിക്കുന്നത് സംബന്ധിച്ച്—11,250**

| | | |
|---|---|---|
| പദ്ധതിയുടെ പേര് | .. | കാലടി വലിയവരമ്പ് ചേരി പരിഷ്ക്കരണം |
| ഫയൽ നമ്പർ | .. | ജെ./ആർ 47/14390/99 |
| കൺവീനർ | .. | ഡി. ശിവാനന്ദൻ |
| എഗ്രിമെന്റ് നമ്പർ | .. | 17/98-99 തീയതി 8-3-1999 |
| അവസാന പാർട്ട് ബിൽ തുക | .. | 22,229 |
| ചെക്ക് നമ്പർ | .. | 302565 22-9-2000 |
| പ്രോജക്ട് നമ്പർ | .. | 117/40 |
| അടങ്കൽ തുക | .. | 9,82,000 |

കാലടി വലിയ വരമ്പ് ചേരി പരിഷ്ക്കരണ പദ്ധതി പ്രകാരം 73 വീടുകൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ലാട്രിന് 5 ഉറകൾ വീതം 73 X 5=365 ഉറകൾ നിർമ്മിക്കാനുള്ള ചെലവ് 365 X 90=32,850 രൂപ (ഉറ ഒന്നിന് നിർമ്മാണ ചെലവ് 90 രൂപ നിരക്കിലാണ്) കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ മൊത്തം 240 ഉറകൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതായത് 5 ഉറകൾ വീതം 48 വീടുകളിൽ മാത്രമാണ് പണി പൂർത്തിയാക്കിയത്. ബാക്കി 25 വീടുകളിൽ ഉറകൾ സ്ഥാപിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. അതിനാൽ സ്ഥാപിക്കാത്ത ഉറകൾക്ക് നൽകിയ 125 x 90 = 11,250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.24)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

93. "കാലടി വലിയ വരമ്പ് ചേരി പരിഷ്ക്കരണം ലാട്രിൻ നിർമ്മാണം റിംഗ് കാസ്റ്റ് ചെയ്ത ഉടനെ ബിൽ റെക്കോർഡു ചെയ്തതു കാരണം പാർട്ട്റേറ്റായി 90 രൂപ പ്രകാരം ശുപാർശ ചെയ്തിരിക്കുകയാണ്. റിംഗ് കുഴിച്ച് സ്ഥാപിച്ച ശേഷം മാത്രമേ ഫുൾ റേറ്റ് നൽകുവാൻ സാധിക്കുകയുള്ളു എന്നതിനാലാണ് പാർട്ട്റേറ്റ് ശുപാർശ ചെയ്യേണ്ടിവന്നത്. കൺവീനർക്ക് ഓഡിറ്റ് പരാമർശം വന്ന വിവരം അറിയിച്ചിട്ടുള്ളതും തുക നഗരസഭാ ട്രഷറിയിൽ ഒടുക്കുകയോ അല്ലാത്തപക്ഷം പ്രവൃത്തി ചെയ്തതിന്റെ വരവ്-ചെലവ് കണക്കുകൾ നഗരസഭയിൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്".

94. ടി ഓഡിറ്റ് പരാമർശത്തെ കുറിച്ച് സമിതി ആരാഞ്ഞതിന് "ലാട്രിനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ബില്ല് സെറ്റിൽ ചെയ്തിട്ടില്ലെന്നും" മുഴുവൻ ഉറയും വാർത്തിട്ടുണ്ടെന്നും അതിന്റ തുക മാത്രമേ കൊടുത്തിട്ടുള്ളുവെന്നും, സ്ഥാപിച്ചതിന്റെ കാശ് കൊടുത്തിട്ടില്ലെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

95. **നഗര ശുചീകരണമെന്നത് മുഖമുദ്രയായി എടുത്തിട്ടുള്ള കോർപ്പറേഷൻ, ലാട്രിൻ നിർമ്മാണം പോലെയുള്ള ഒരു ജനോപകാരപ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ലാട്രിൻ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കിയില്ലെങ്കിൽ അത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായിത്തീരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സെക്രട്ടറിയും, ബന്ധപ്പെട്ട എഞ്ചിനീയറും കൂടി നേരിട്ടു സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആവശ്യത്തിലധികം ടാർ ഉപയോഗിച്ചത്—നിരാകരിക്കുന്നത് സംബന്ധിച്ച്**

| | |
|---|---|
| പദ്ധതി | .. കുന്നുകുഴി ഡിവിഷനിൽ വികാസ്ഭവൻ വരമ്പശ്ശേരി റോഡ്, എ.കെ.ജി. സെന്റർ റോഡ് എന്നിവയുടെ റീ ടാറിംഗ്. |
| പ്രോജക്ട് നമ്പർ | .. 426/01-02 |
| കോൺട്രാക്ടർ | .. കെ. ജയകുമാർ |
| അടങ്കൽ തുക | .. 10,50,000 |
| അളവുപുസ്തകം നമ്പർ | .. 23/01-02 |
| അവസാന ബിൽ തുക | .. 85,806 രൂപ |
| ചെക്ക് നമ്പർ | .. 85225 30-8-2003 |

കുന്നുകുഴി ഡിവിഷനിലെ വികാസ്ഭവൻ വരമ്പശ്ശേരി റോഡ്, എ.കെ.ജി. സെന്റർ റോഡ് എന്നിവയുടെ റീ ടാറിംഗ് പ്രവൃത്തിയിലേക്കായി നഗരസഭ 188 ബാരൽ (188 X 156 = 29328 kg) ടാർ ഇഷ്യൂ ചെയ്തതായും റീ-ടാറിംഗ് പ്രവൃത്തിയിൽ ഇഷ്യൂ ചെയ്ത ടാർ മുഴുവനും ഉപയോഗിച്ചതായി അളവു പുസ്തകം നമ്പർ 23/01-02-ൽ പേജ് നമ്പർ 40 പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. അളവു പുസ്തകം പ്രകാരം അനുവദിച്ച ടാറിന്റെ അളവും ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം അനുവദനീയമായ ടാറിന്റെ അളവും ചുവടെ ചേർക്കുന്നു. അനുവദനീയമായ അളവിൽ കൂടുതൽ അനുവദിച്ച ടാറിന്റെ വില ഓഡിറ്റിൽ നിരാകരിക്കുന്നു :

| | |
|---|---|
| റീ-ടാറിംഗിന് ആവശ്യമായ മൊത്തം ടാറിന്റെ അളവ് | .. 28047.94 kg |
| ഡിപ്പാർട്ടുമെന്റ് അനുവദിച്ച ടാറിന്റെ അളവ് | .. 29328 kg |
| അധികം അനുവദിച്ച ടാറിന്റെ അളവ് | .. 1280.06 kg |
| അധികം അനുവദിച്ച ടാറിന്റെ അളവ് | .. 1280.06 X 9.251 |
| | = 11,841.83 |
| | = 11,842 രൂപ |

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.25)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

96. "ഓഡിറ്റ് ഒബ്ജക്ഷനിൽ ഉന്നയിച്ചിട്ടുള്ള 11,842 രൂപയാണ് കരാറുകാരന് നൽകിയ 29328 കി.ഗ്രാം ടാറിന്റെ ഷെഡ്യൂൾ പ്രകാരമുള്ള വില ബില്ലിൽ ഈടാക്കിയിട്ടുണ്ട്. അധികമായി നൽകിയ 1279.06 കി.ഗ്രാം-ന്റെ മാർക്കറ്റ് റേറ്റ് ഈടാക്കേണ്ടതുണ്ട്. ഷെഡ്യൂൾ നിരക്കും മാർക്കറ്റ് നിരക്കും തമ്മിൽ കിലോഗ്രാമിന് 8.957രൂപ കൂടുതലായി വരുന്നതിനാൽ ശ്രീ. കെ. കുമാറിന് അധികം നൽകിയ 11,465 രൂപ ഇ7/എം.എസ്/1146/06-ാം നമ്പർ (ഉദിയാർകുളം ലെയ്ൻ നവീകരണം, പുന്നയ്ക്കാമുഗൾ) ഫയലിൽ പിടിച്ചിട്ടുള്ളതാണ്."

97. ടി ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കിയതായി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

98. **കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു**

<u>ഓഡിറ്റ് ഖണ്ഡിക</u>

**അധികം നിരക്ക് അനുവദിച്ചത് നിരാകരിക്കുന്നത് സംബന്ധിച്ച്**

| | |
|---|---|
| പദ്ധതിയുടെ പേര് | .. കുഴിക്കളം തോപ്പ് ശാസ്ത്രിനഗർ ചേരി പരിഷ്ക്കരണം. |
| പ്രോജക്ട് നമ്പർ | .. 273/2001-02 |
| കോൺട്രാക്ടർ | .. സി.ബി.ജി. തിലകൻ |
| അടങ്കൽ തുക | .. 12,84,951 |
| അളവു പുസ്തക നമ്പർ | .. 4/10-02(പി) 6/01-02(പി) |
| അവസാന ബിൽ തുക | .. 1,90,409 രൂപ |
| ചെക്ക് നമ്പർ | .. 247087 29-5-2003 |

കുഴിക്കളം തോപ്പ് ശാസ്ത്രിനഗർ ചേരി പരിഷ്ക്കരണം പദ്ധതി പ്രകാരം നിർമ്മിച്ച കലുങ്ക് നിർമ്മാണത്തിൽ കോൺക്രീറ്റ് ജോലികളിൽ 'എക്സ്ട്രാ ലേബർ' കണക്കാക്കിയിരിക്കുന്ന നിരക്ക് അധികമാണ്. സ്റ്റാൻഡേർഡ് ഡേറ്റാ ബുക്ക് ക്രമനമ്പർ 135 പ്രകാരം കോൺക്രീറ്റ് ജോലികളിൽ നിർമ്മാണ സാമഗ്രികൾ ഉയർത്തുന്നതിന് 10 ഡിഎം$^3$-ന് 0.002 പുരുഷന്റെ പണി അധികമായി അനുവദിക്കുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ അനുബന്ധം 'എ'-യിൽ കണക്കാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ (എക്സ്ട്രാ ഐറ്റം) ഡേറ്റാ പ്രകാരം നിരക്ക് കണക്കാക്കിയപ്പോൾ 1m$^3$-ന് എക്സ്ട്രാ ലേബർ കണക്കാക്കിയിരിക്കുന്നത് 0.2 പുരുഷൻ എന്നതിനുപകരം 2 പുരുഷൻ രൂപ 200.20 എന്ന നിരക്കിലാണ്. ഇത്തരത്തിൽ അധിക ലേബർ അനുവദിച്ചതുമൂലം താഴെപ്പറയുന്ന ഇനം കോൺക്രീറ്റ് വർക്കുകളിൽ അധിക നിരക്ക് നൽകിയതായി കണ്ടെത്താൻ കഴിഞ്ഞു.

(എ) 1:2:4 അനുപാതത്തിൽ 20 എം.എം. മെറ്റൽ ഉപയോഗിച്ചുള്ള പ്രതലിത കോൺക്രീറ്റിംഗ് നിർമ്മാണ സാമഗ്രികൾ 3 മീറ്റർ വരെ ഉയർത്തേണ്ടതിന് കരാറുകാരന്റെ ലാഭം ഉൾപ്പെടെ നൽകാവുന്ന

| | |
|---|---|
| നിരക്ക് | .. 2,256.73 രൂപ |
| നൽകിയ നിരക്ക് | .. 2436.91 രൂപ |
| പ്രവർത്തിയുടെ അളവ് | .. 9.86 $m^3$ |
| അധികം നൽകിയ തുക | .. (2436.91 x 9.86)—2256.73 x 9.86 |
| | = 24027.93—22251.36 = 1776.87 |

(ബി) മേല്പറഞ്ഞ പ്രവൃത്തി തന്നെ നിർമ്മാണ സാമഗ്രികൾക്ക് 1.5 മീറ്റർ വരെ തലച്ചുമടും 1.5 അധിക ലിഫ്റ്റും ഉൾപ്പെടെ ചെയ്യുമ്പോൾ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെ അനുവദനീയമായ—

| | |
|---|---|
| നിരക്ക് | .. 2,288.18 രൂപ |
| നൽകിയ നിരക്ക് | .. 24,68.36 രൂപ |
| പ്രവൃത്തിയുടെ അളവ് | .. 62.159 എം $^2$ |
| അധികം നൽകിയ തുക | .. (2468 x 62.159)—2288.1 x 62.159=11,199.80 രൂപ |

(സി) 1:4:8 അനുപാതത്തിൽ 40 എം.എം. മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിന് 5 മീറ്റർ ലിഫ്റ്റും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 1 ഘ.മീ.

| | |
|---|---|
| അനുവദനീയമായ നിരക്ക് | .. 1,485.81 രൂപ |
| അനുവദിച്ച നിരക്ക് | .. 1,665.99 രൂപ |
| പ്രവൃത്തിയുടെ അളവ് | .. 15.77-എം$^3$ |
| അധികം നൽകിയ തുക | : (1665.99 x 15.77)—1485.81 x 15.77= 2841.44 |

(ഡി) 40 എം.എം. മെറ്റൽ ഉപയോഗിച്ച് 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് 4.5 മീ. ലിഫ്റ്റും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ—

| | |
|---|---|
| അനുവദനീയമായ നിരക്ക് | .. 1,514.31 രൂപ |
| അനുവദിച്ച നിരക്ക് | .. 1,694.49 രൂപ |
| പ്രവൃത്തിയുടെ അളവ് | .. 11.83 എം$^3$ |
| അധികം നൽകിയ തുക | .. (1694.49 x 11.83) - (1514.31 x 11.83) = 2131.52 |
| ആകെ അധികം നൽകിയ തുക | .. 17,949 രൂപ |

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.26)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

99. "ഓഡിറ്റ് പരാമർശത്തിന് ആധാരമായ വിഷയം ശരിയാണ്. ആയത് ഓഫീസിലെ തിരക്കിട്ട്/സമയബന്ധിതമായി പ്രവൃത്തി ചെയ്യേണ്ടതുമൂലം സംഭവിച്ചതാണ്. മനഃപൂർവ്വമായി ഉണ്ടായിട്ടുള്ളതല്ല. എന്നാൽ മൊത്തം 30-ലേറെ ഐറ്റങ്ങൾ ഉൾക്കൊണ്ടുള്ള ടി പ്രവൃത്തിയുടെ അടങ്കൽ 12 ലക്ഷം രൂപയായിരുന്നു. ആയതിൽ ടി ഒരു ഐറ്റത്തിലുണ്ടായ വ്യത്യാസം തീർച്ചയായും മത്സര സ്വഭാവത്തിൽ ടെണ്ടർ ചെയ്തപ്പോൾ ടി കൂടിയ റേറ്റിന് ആധാരമായി ടെണ്ടർ വർദ്ധനവിൽ കുറവ് വന്നിട്ടുള്ളതാണ്. തന്മൂലം ഉണ്ടായിട്ടുള്ള വ്യതിയാനം നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടാകാനിടയില്ല. ആയതിനാൽ ടി വിഷയത്തിൻമേൽ ഉണ്ടായ വീഴ്ച സംഭവം പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി ത്തരുന്നതിന് അപേക്ഷിക്കുന്നു".

100. ടി ഓഡിറ്റ് തടസ്സം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിൽ ഓഡിറ്റ് പരാമർശം ശരിയാണെന്നും, എസ്റ്റിമേറ്റ് റേറ്റിലാണ് വർക്ക് ടെണ്ടർ ചെയ്തിട്ടുള്ള തെന്നും, ഇതുമായി ബന്ധപ്പെട്ട് കോൺട്രാക്ടർക്കും, അന്നത്തെ എഞ്ചിനീയർക്കും നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. എന്തടിസ്ഥാനത്തിലാണ് നഷ്ടമുണ്ടാകാൻ ഇടയില്ലെന്ന നിഗമനത്തിൽ എത്തിയതെന്ന് സമിതി ആരാഞ്ഞതിന് മത്സരസ്വഭാവമുള്ള ടെണ്ടറായതിനാൽ, ഒരു ഐറ്റത്തിലുണ്ടാകുന്ന വ്യത്യാസംമൂലം നഗരസഭാഫണ്ടിന് നഷ്ടം ഉണ്ടാകാൻ ഇടയില്ലെന്ന് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

101. എസ്റ്റിമേറ്റ് തയ്യാറാക്കിയ ആളിന്റെ പേരിലാണ് ലയബിലിറ്റി ഫിക്സ് ചെയ്യേണ്ടതെങ്കിലും, ഗുണഭോക്താവ് കോൺട്രാക്ടർ ആയതിനാൽ, ടിയാന്റെ കൈയിൽ നിന്നും പണം തിരിച്ചു പിടിക്കാൻ ശ്രമിക്കുകയാണെന്ന് സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

102. **പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് ടിയാനിൽ നിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരത്തിലെ വീഥികളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക എന്ന പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്**

| | |
|---|---|
| അടങ്കൽ | .. 40,00,000 |
| സാങ്കേതികാനുമതി നമ്പർ | .. 139/ARG/4/1999-2000 dt. 9-7-1999 |
| പ്രോജക്ട് നമ്പർ | .. 139/1999-2000 |
| നൽകിയ തുകയുടെ വിവരം | .. 19,66,858 |

ചെക്ക് നമ്പർ : 677634/31/3/00

അറ്റ്‌ലസ് ഇൻഡസ്ട്രീസ് : 4,03,172 രൂപ

ചെക്ക് നമ്പർ : 677635/31/3/00

ശിവറാം ഇലക്ട്രിക്കൽസ് : 38,955 രൂപ

ചെക്ക് നമ്പർ : 677635

ശിവറാം ഇലക്ട്രിക്കൽസ് : 5,96,000 രൂപ

ചെക്ക് നമ്പർ : 684442/9/6/00

മെ: വൈഷ്ണവ ചാരിറ്റബിൾ & വെൽഫയർ സൊസൈറ്റി.

സോഡിയം വേപ്പർ ലാമ്പിന്റെ ഫിറ്റിംഗ് ചാർജ് : 35,700 രൂപ : ചെക്ക് നമ്പർ 677847-31/3/00

എക്സി. എഞ്ചിനീയർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ (വെസ്റ്റ്).

: 2,45,100 രൂപ ചെക്ക് നമ്പർ : 677848

എക്സി. എഞ്ചിനീയർ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ (ഈസ്റ്റ്).

**സംക്ഷിപ്തം**

നഗരത്തിൽ 850 സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിലെ പ്രധാന അപാകതകൾ :

(1) ടെണ്ടർ പരസ്യം രണ്ടു മലയാള ദിനപ്പത്രങ്ങളിൽ 20 ദിവസത്തെ സമയപരിധി നിശ്ചയിച്ചു നൽകേണ്ടതിനു പകരം ഒരു ദിനപ്പത്രത്തിൽ മാത്രം 10 ദിവസത്തെ സമയപരിധി നിശ്ചയിച്ചു നൽകിയത് സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾക്ക് വിരുദ്ധം.

(2) എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല.

(3) ആവശ്യത്തിലധികമായി 50 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സ് വാങ്ങി.

(4) സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചപ്പോൾ അവിടെനിന്നും നീക്കം ചെയ്ത ലാമ്പുകളുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

(5) 792 സോഡിയം വേപ്പർ ലാമ്പുകൾ മാത്രമേ ഫിറ്റ് ചെയ്തിട്ടുള്ളു. ലാമ്പുകൾ സ്ഥാപിച്ചതായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല.

(6) ഫിറ്റിംഗ് ചാർജായി വൈദ്യുതി ബോർഡിൽ തുക ഒടുക്കിയതിൽ ഏകീകൃത സ്വഭാവമില്ല.

നഗരത്തിലെ എല്ലാ ജംഗ്ഷനുകളിലും വീഥികളിലും 250 വാട്ട് സോഡിയം വേപ്പർ ലാമ്പുകൾ 850 എണ്ണം സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയായിരുന്നു ഇത്. നഗരത്തിലെ രാത്രികാല സാമൂഹ്യ അന്തരീക്ഷം സുരക്ഷിതമാക്കുക, നഗരത്തിലെ രാത്രികാല യാത്ര സുഖകരമാക്കുക തുടങ്ങിയവയായിരുന്നു പദ്ധതി ലക്ഷ്യങ്ങൾ. വൈദ്യുതി ബോർഡ് അധികൃതരുമായി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണയിലെത്തുക, ഇവ സ്ഥാപിക്കുന്നതിനുള്ള ജംഗ്ഷനുകളും വീഥികളും അവിടെ വേണ്ടിവരുന്ന ലാമ്പുകളുടെ എണ്ണവും നിശ്ചയിക്കുക, ഗുണ നിലവാരമുള്ള ഐ.എസ്.ഐ. മാർക്കോടുകൂടിയ സോഡിയം വേപ്പർ ലാമ്പുസെറ്റുകൾ, ബൾബുകൾ, ക്ലാമ്പുകൾ, ബ്രാക്കറ്റുകൾ, പൈപ്പുകൾ, വൈദ്യുത വയറുകൾ എന്നിവ ലഭ്യമാക്കുക, കൂലി നൽകി വൈദ്യുതി ബോർഡിനെക്കൊണ്ട് ആയത് നിശ്ചിത സ്ഥാനങ്ങളിൽ സ്ഥാപിക്കുക തുടങ്ങിയവയായിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

ഇവയിൽ 850 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിങ്ങുകൾ, ഡയറക്ടർ ജനറൽ ഓഫ് സപ്ലെയേഴ്സിന്റെ റേറ്റ് കോൺട്രാക്ട് നിലവിലുള്ള "അറ്റ്ലസ് ഇൻഡസ്ട്രീസ്, ന്യൂഡൽഹി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ബാക്കിയുള്ള സാമഗ്രികൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

(1) 125 കോയിൽ 4 സെ.മീ. സിംഗിൾ കോർ അലുമിനിയം കോയിൽ—

311.64 രൂപ—311.64x125 = 38955
മെ. ശിവറാം ഇലക്ട്രിക്കൽസ്,
തിരുവനന്തപുരം.

(2) 250 വാട്ടിന്റെ സോഡിയം വേപ്പർ ലാമ്പുകൾ 850 എണ്ണം 474.32 രൂപ

474.32x850=403172

മെ.ശിവറാം ഇലക്ട്രിക്കൽസ്,

തിരുവനന്തപുരം.

(3) 800 സെറ്റ് പൈപ്പ്, ബ്രാക്കറ്റ് ക്ലാമ്പ്—745 745x800=596000
മെ. വൈഷ്ണവ ചാരിറ്റീസ് & വെൽഫയർ സൊസൈറ്റി, കിളികൊല്ലൂർ.

(4) സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സ് 850 എണ്ണം 2,313.95 രൂപ

2313.95x850 = 1966858 മെ. അറ്റ്ലസ് ഇൻഡസ്ട്രീസ്, ന്യൂഡൽഹി.

ആകെ : 30,04,985 രൂപ

ലേബർ ചാർജ്—കെ.എസ്.ഇ.ബി-യിൽ ഒടുക്കിയത് 2,80,810 രൂപ

32,85,795 രൂപ

ടി ഫയൽ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു :

(1) ടി വേലയുടെ നിർവ്വഹണത്തിൽ ക്വൊട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം 16-2-2000-ലെ ദേശാഭിമാനി പത്രത്തിൽ ആണ് പരസ്യപ്പെടുത്തിയിരുന്നത് (ഹാജരാക്കിയ രേഖകൾ പ്രകാരം). സ്റ്റോർ പർച്ചേയ്സ് മാനുവൽ നിയമപ്രകാരം 20,000 രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് മാത്രമേ ക്വട്ടേഷൻ ബാധകമാകുകയുള്ളൂ. അതിന് മുകളിലുള്ള തുകയുടെ വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കുകയും നിയമാനുസൃത സമയപരിധിയും പരസ്യവും നൽകേണ്ടതാണ്. ആയത് പ്രകാരം 10 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വേലകളുടെ ടെണ്ടർ പരസ്യം സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാള ദിനപ്പത്രങ്ങളിൽ 20 ദിവസത്തെ സമയപരിധി അറിയിച്ചുകൊണ്ടുവേണം പ്രസിദ്ധീകരിക്കുവാൻ. എന്നാൽ ആയതിന് വിരുദ്ധമായി ടി വേലയുടെ ടെണ്ടർ പരസ്യം ഒരു പത്രത്തിൽ (ദേശാഭിമാനി) മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. മാത്രമല്ല ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലപരിധി 10 ദിവസം മാത്രമാണ് അനുവദിച്ചിരിക്കുന്നത് (26-2-2000 വരെ). ആയത് നിലവിലുള്ള സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾക്ക് വിരുദ്ധമാണ്.

(2) ടി വേലയുടെ നിർവ്വഹണത്തിൽ 850 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായെങ്കിലും ഇത്രയധികം വൈദ്യുതോപകരണങ്ങൾ ആവശ്യമാണെന്നുള്ളതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ആയത് എവിടെയെല്ലാം സ്ഥാപിക്കണമെന്നത് സംബന്ധിച്ച് മുൻകൂട്ടി തീരുമാനിക്കുകയോ ചെയ്തിട്ടില്ല. പിന്നെ എപ്രകാരമാണ് ഇത്രയും ലാമ്പുകളുടെ ആവശ്യകത തിട്ടപ്പെടുത്തിയതെന്ന് വ്യക്തമല്ല.

(3) സോഡിയം വേപ്പർലാമ്പ് ഫിറ്റിംഗ്സ് 850 എണ്ണമാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ആയത് സ്ഥാപിക്കുന്നതിനുള്ള പൈപ്പ് ഫിറ്റിംഗ്സ് 800 എണ്ണം മാത്രമേ വാങ്ങിയിട്ടുള്ളൂ. ഇതിൽനിന്നും ആവശ്യമുള്ളതിനേക്കാൾ അധികമായി 50 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സ് വാങ്ങുകയും തന്മൂലം അധികം ചെലവുണ്ടായതായും ഓഡിറ്റിൽ വിലയിരുത്തുന്നു.

(4) സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചതിനാൽ അവിടെനിന്നും നീക്കം ചെയ്തതും അവിടെ നിലവിൽ ഉണ്ടായിരുന്നതുമായ ട്യൂബ്/ലൈറ്റ് ഫിറ്റിംഗുകളുടെയും ബൾബ്/ട്യൂബുകളുടെയും വിനിയോഗം കാണിക്കുകയോ ആയത് തിരികെ സ്റ്റോക്കിലെടുക്കുകയോ ചെയ്തു എന്നതിന് യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

(5) അസി. എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ കെ. എസ്. ഇ. ബി. തിരുവനന്തപുരം (വെസ്റ്റ് & ഈസ്റ്റ്), ടി സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ്സിനായി ലേബർ ചാർജ് ഒടുക്കണമെന്നാവശ്യപ്പെട്ട് 13-7-1999 മുതൽ 30-3-2000 വരെയുള്ള

കാലയളവിൽ നൽകിയിട്ടുള്ള കത്തിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ 792 ലാമ്പുകൾ മാത്രമേ ഫിറ്റു ചെയ്തതായി കാണുന്നുള്ളൂ. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

| *കത്തിന്റെ നമ്പർ* | *സ്ഥാപിക്കുന്ന സോഡിയം വേപ്പർ ലാമ്പുകളുടെ എണ്ണം* | *ആവശ്യമായ ലേബർ ചാർജ്* |
|---|---|---|
| 1. എ.എസ്. 75/99-2000 | 95 | 28500 (ഇല. ഡിവിഷൻ വെസ്റ്റ്) |
| 2. എ.എസ്. 72/99-2000 | 20 | 7210 |
| 3. എ.എസ്. 38/99-2000 | 40 | 14000 (ഇല. ഡിവിഷൻ ഈസ്റ്റ്) |
| 4. എ.എസ്. 100/99-2000 | 110 | 39500 |
| 5. എ.എസ്. 234/99-2000 | 23 | 9050 |
| 6. എ.എസ്. 233/99-2000 | 20 | 8000 |
| 7. എ.എസ്. 232/99-2000 | 11 | 4400 |
| 8. എ.എസ്. 231/99-2000 | 14 | 4900 |
| 9. എ.എസ്. 72/99-2000 | 150 | 52500 |
| 10.എ.എസ്. 221/99-2000 | 36 | 12600 |
| 11. എ.എസ്. 225/99-2000 | 25 | 8750 |
| 12. എ.എസ്. 220/99-2000 | 10 | 3500 |
| 13. എ.എസ്. 222/99-2000 | 21 | 8350 |
| 14. എ.എസ്. 224/99-2000 | 70 | 24500 |
| 15. എ.എസ്. 223/99-2000 | 70 | 27000 |
| 16. എ.എസ്. 226/99-2000 | 22 | 8800 |
| 17. എ.എസ്. 227/99-2000 | 32 | 11200 |
| 18. എ.എസ്. 228/99-2000 | 23 | 8050 |
| ആകെ | 792 | 280810 |

ഇതിൽനിന്നും 792 സോഡിയം വേപ്പർ ലാമ്പുകൾ മാത്രമേ ഫിറ്റ് ചെയ്തിട്ടുള്ളൂ വെന്ന് വ്യക്തമാണ്. 792 സോഡിയം വേപ്പർ ലാമ്പുകൾ ഫിറ്റു ചെയ്യുന്നതിനുള്ള ലേബർ ചാർജ് മാത്രമേ വൈദ്യുതിബോർഡിൽ ഒടുക്കിയിട്ടുള്ളൂ. അധികമായി 58 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗും 8 പൈപ്പ് ഫിറ്റിംഗും വാങ്ങിയിട്ടുണ്ട്.

(6) ടി സോഡിയം വേപ്പർ ലാമ്പുകളുടെ ഫിറ്റിംഗ് ചാർജായി വൈദ്യുതി ബോർഡിൽ തുക ഒടുക്കിയതിലും ഏകീകൃത സ്വഭാവമില്ല. വിവിധ നിരക്കാണ് ഈടാക്കിയിരിക്കുന്നത്. ഉദാഹരണമായി മേൽ സൂചിപ്പിച്ചിട്ടുള്ള കത്തുകളിൽ ക്രമ നമ്പർ 14 ആയി ചേർത്തിട്ടുള്ള എ. എസ്. നമ്പർ 224/99-00 പ്രകാരം 70 സോഡിയം വേപ്പർ ലാമ്പ് സ്ഥാപിച്ചതിൽ 24,500 രൂപയാണ് ഈടാക്കിയിരിക്കുന്നത്. അതായത് ഒരു യൂണിറ്റിന് 350 രൂപ നിരക്കിൽ. എന്നാൽ ക്രമനമ്പർ 16 ആയി ചേർത്തിട്ടുള്ള എ.എസ്. നമ്പർ 226/99-00 പ്രകാരമുള്ള 22 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സിന് 8,800 രൂപ ഈടാക്കിയിട്ടുണ്ട്. അതായത് ഒരു യൂണിറ്റിന് 400 രൂപ വീതം ടി വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

(7) ടി വേലയ്ക്കായി ആകെ 2,80,810 രൂപ ലേബർ ചാർജിനത്തിൽ വൈദ്യുതി ബോർഡിൽ ഒടുക്കുവാനായി പിൻവലിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടില്ല. മാത്രവുമല്ല ടി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചതായി മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും വാങ്ങി സൂക്ഷിച്ചിട്ടില്ല. ടി വൈദ്യുതോപകരണങ്ങൾ വൈദ്യുതി ബോർഡിന് നൽകിയതിന്റെ രേഖകളും ആയതിന്റെ വിനിയോഗം സംബന്ധിച്ച് വൈദ്യുതി ബോർഡിൽ നിന്നുള്ള വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ടി സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് കൈപ്പറ്റിയതായി കാണിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ആരുംതന്നെ ഒപ്പ് വച്ചിട്ടില്ല.

(8) സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സ്, ബൾബ് എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നമ്പർ 66-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 2-3-2001 വരെയായി ആകെ വാങ്ങിയ 850 എണ്ണത്തിൽ 848-ഉം വിതരണം നടത്തിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലാമ്പിന്റെ പൈപ്പ് ഫിറ്റിംഗ്സ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പേജ് നമ്പർ 119-ലെ രേഖപ്പെടുത്തലുകൾ പ്രകാരം മുന്നിരിപ്പായി കാണിച്ചിട്ടുള്ള 9 എണ്ണവും ടി പദ്ധതി പ്രകാരം വാങ്ങിയ 800 എണ്ണവും കൂട്ടിച്ചേർത്ത് ആകെയുള്ള 809 എണ്ണത്തിൽ 801 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിനുള്ള പൈപ്പ് ഫിറ്റിംഗ്സ് 801 എണ്ണവും ലാമ്പ് ഫിറ്റിംഗ്സ് 845 എണ്ണവും വിതരണം നടത്തിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (പേജ് നമ്പർ 69 പ്രകാരം ലാമ്പ് ഫിറ്റിംഗ്സ് 5 എണ്ണം മാത്രമേ നീക്കിയിരിപ്പുള്ളൂ). ലാമ്പ് ഫിറ്റിംഗ്സിന്റെ എണ്ണത്തിനു തുല്യമായ പൈപ്പ് ഫിറ്റിംഗ്സ് ഇല്ലാതെ എപ്രകാരമാണ് സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചതെന്ന് വ്യക്തമല്ല. നിലവിലുള്ള സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സുകൾ മാറ്റി പുനഃസ്ഥാപിച്ചതാണോ എന്നതും വ്യക്തമല്ല. അംഗീകരിച്ച പദ്ധതി രേഖ പ്രകാരം പുതുതായി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിനം വകയിരുത്തിയിട്ടുള്ളത്. റിപ്പയർ ചെയ്യുന്നതിനും പുനഃസ്ഥാപിക്കുന്നതിനും പണം വകയിരുത്തിയിട്ടുമില്ല. ഫിറ്റിംഗ്സ് വിതരണം ചെയ്യാതെ ആകെ 44 സോഡിയം വേപ്പർ ലാമ്പ് ഫിറ്റിംഗ്സും ബൾബും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിലെ പേജ് 68-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ടി പദ്ധതിക്കായി ചെലവഴിച്ച 32,85,795 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലാകാലങ്ങളിൽ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റോടുകൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.27)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

103. (1) "DGS & D rate Contract പ്രകാരം M/s ATLAS Industries–ൽ നിന്നുമാണ് 250 വാട്ട്സ് സോഡിയം വേപ്പർ ലൈറ്റുകൾ 850 എണ്ണം വാങ്ങിയിട്ടുള്ളത്. ആയതിനാൽ 16-2-2000-ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ടി ലൈറ്റുകൾ ഫിറ്റു ചെയ്യുന്നതിനുള്ള GI Pipe Bracket, Wire, SV Bulb എന്നിവ മാത്രമാണ് വാങ്ങിയിട്ടുള്ളത്. ആയതിനാൽ ടെണ്ടർ പരസ്യത്തിന് മതിയായ സമയപരിധി നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

(2) ടി പ്രോജക്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എനർജി ഗ്രൂപ്പിന്റെയും നഗരസഭാ വർക്സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണ് എണ്ണം നിശ്ചയിച്ചിട്ടുള്ളത്.

(3) 800 ലൈറ്റുകൾ കെ. എസ്. ഇ ബി.-യുടെ പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനും 30 എണ്ണം കെ. എസ്. ഇ. ബി. ഫോർട്ട് സെക്ഷനിലെ tabular post-കളിൽ ഫിറ്റു ചെയ്യുന്നതിനും 9 എണ്ണം നഗരസഭയിലെ പബ്ലിക് യൂട്ടിലിറ്റി പ്രദേശമായ വിവിധ മാർക്കറ്റുകളിൽ സ്ഥാപിക്കുന്നതിനും Spare stock ഉൾപ്പെടെ 850 എണ്ണം സ്ഥാപിക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(4) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കെ. എസ്. ഇ. ബി. വിവിധ സെക്ഷനുകളിലായി 801 ലൈറ്റുകളും ബ്രാക്കറ്റും നൽകിയിട്ടുള്ളതാണ്. കെ. എസ്. ഇ. ബി. ഫോർട്ട് സെക്ഷനിലെ tabular post-കളിൽ സ്ഥാപിക്കുന്നതിന് 36 ലൈറ്റുകളും, വിവിധ മാർക്കറ്റുകളിലായി 8 ലൈറ്റുകളും ഫിറ്റു ചെയ്തിട്ടുള്ളതാണ്. ആകെ 845 ലൈറ്റുകൾ ഫിറ്റു ചെയ്തിട്ടുള്ളതും, ബാക്കി 5 എണ്ണം സ്റ്റോക്കിലുള്ളതുമാണ്.

(5) നഗരസഭ ആവശ്യപ്പെട്ട പ്രകാരം വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നിന്നും തയ്യാറാക്കിയ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് തുക അറിയിച്ചതു പ്രകാരമാണ് നഗരസഭ കെ.എസ്.ഇ.ബി.-ക്ക് തുക കൈമാറിയിട്ടുള്ളത്. എന്നാൽ ടി എസ്റ്റിമേറ്റിലെ നിരക്കുകൾ പുനഃപരിശോധിക്കുന്നതിനും നഗരസഭയ്ക്ക് നിലവിലുള്ള സംവിധാനത്തിൽ കഴിയില്ല. എന്നാൽ ഈ വ്യത്യാസം കെ.എസ്.ഇ.ബി.-യുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്.

(6) ലേബർ ചാർജിനത്തിൽ കെ.എസ്.ഇ.ബി.-യിൽ തുക അടച്ചിട്ടുള്ളത് കെ.എസ്.ഇ.ബി. തയ്യാറാക്കിത്തന്നിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം ചെക്കുകളായിട്ടാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം നൽകിയിട്ടുള്ള ചെക്കുകൾ കെ.എസ്.ഇ.ബി. കൈപ്പറ്റിയിട്ടുള്ളതും

നഗരസഭയിൽ നിന്നും സപ്ലൈ ചെയ്തിട്ടുള്ള ലൈറ്റുകൾ ഫോം. നമ്പർ 26-ൽ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥൻ ഒപ്പിട്ടു കൈപ്പറ്റിയിട്ടുള്ളതും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

(7) സോഡിയം വേപ്പർ ലാമ്പുകളിൽ 801 എണ്ണം കെ.എസ്.ഇ.ബി.-യുടെ പോസ്റ്റുകളിൽ നേരിട്ടും എണ്ണം നഗരസഭയിലെ വിവിധ മാർക്കറ്റുകളിലും, കെട്ടിടങ്ങളിലും സ്ഥാപിച്ചിട്ടുള്ളതാകയാൽ സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ ശരിയായിട്ടുള്ളതാണെന്ന വിവരംകൂടി റിപ്പോർട്ടു ചെയ്യുന്നു. ആയതിനാൽ ഓഡിറ്റു പരാമർശം ഒഴിവാക്കി നൽകുന്നതിനു അപേക്ഷിക്കുന്നു".

104. ടെൻഡർ പരസ്യം സമയപരിധി ലംഘിച്ചുകൊണ്ട് ക്ഷണിച്ചുവെന്ന ഓഡിറ്റ് നിരീക്ഷണത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ള 32,85,795 രൂപയിൽ 19,66,000 രൂപയ്ക്കുള്ള മെറ്റീരിയൽസ് പരസ്യം ചെയ്തല്ല വാങ്ങിയതെന്നും ഡി.ജി.എസ്. ആന്റ് ഡി. റേറ്റ് കോൺട്രാക്റ്റ് പ്രകാരം M/s അറ്റ്ലസ് ഇൻഡസ്ട്രീസിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തതെന്നും, അത് കിഴിച്ച് ബാക്കി തുകയ്ക്കാണ് ടെൻഡർ ക്ഷണിച്ചതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. മെറ്റീരിയൽസിന്റെ വില പത്ത് ലക്ഷം രൂപയ്ക്ക് താഴെയായിരിക്കുമെന്നുള്ള ധാരണയിലാണ് ടെൻഡർ വിളിച്ചതെന്നും, എന്നാൽ 38,000 രൂപ കൂടുതൽ വന്നിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

105. ടെൻഡർ ചെയ്തത് എത്ര രൂപയ്ക്കാണെന്ന് സമിതി ആരാഞ്ഞതിന് മെറ്റീരിയൽസിന്റെ കാര്യം മാത്രമേ ടെൻഡറിൽ പറയുകയുള്ളൂവെന്നും, വില പറയുകയില്ലെന്നും, ക്വാട്ട് ചെയ്തപ്പോൾ കുറച്ചുവില കൂടുതൽ വന്നിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

106. വാങ്ങിയ സോഡിയം വേപ്പർ ലാമ്പുകൾ എല്ലാം ഫിറ്റുചെയ്തു കഴിഞ്ഞോയെന്ന് സമിതി ആരാഞ്ഞതിന് അതെല്ലാം ഫിറ്റ് ചെയ്തിട്ടുണ്ടെന്നും, ഓഡിറ്റ് അനുസരിച്ച് 5 എണ്ണം ബാക്കിയുണ്ടായിരുന്നുവെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. 850 സോഡിയം വേപ്പർ ലാമ്പുകളും, ഫിറ്റിംഗ്സുകളും വാങ്ങിയിട്ടുള്ളത് സ്റ്റോക്കിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സ്റ്റോക്കിലുണ്ടെന്നും, 850 സോഡിയം വേപ്പർ ലാമ്പുകളും, 800 ക്ലാമ്പുകളുമാണ് വാങ്ങിയിട്ടുള്ളതെന്നും, ഓവർ ബ്രിഡ്ജ് മുതൽ ഈസ്റ്റുഫോർട്ടുവരെയുള്ള പോസ്റ്റുകളിൽ ഫിറ്റ് ചെയ്യുന്നതിനാണ് ക്ലാമ്പില്ലാതെ സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പണി മോണിട്ടർ ചെയ്തിട്ടില്ലെന്നും, ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ട് മാത്രമാണ് ഉള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

107. **ഓഡിറ്റ് പരാമർശം സംബന്ധിച്ച സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തമ്പാനൂർ, കിഴക്കേകോട്ട വെള്ളപ്പൊക്ക നിവാരണം—ബസ്ബേ നിർമ്മാണം—തിരുവനന്തപുരം വികസന അതോറിറ്റിക്ക് നൽകിയ 57 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച്**

ജനകീയാസൂത്രണം 1998-99-ൽ ഉൾപ്പെടുത്തിയിരുന്ന തമ്പാനൂർ കിഴക്കേക്കോട്ട ഭാഗങ്ങളിലെ വെള്ളപ്പൊക്ക നിവാരണം, എം. ജി. റോഡ് വികസനം, കിഴക്കേക്കോട്ടയിലെ ബസ്ബേ നിർമ്മാണം എന്നിവയുടെ നിർവ്വഹണ ഏജൻസിയായി തിരുവനന്തപുരം വികസന അതോറിറ്റിയെ (ട്രിഡ) തെരഞ്ഞെടുത്തിരുന്നു. ടി പദ്ധതികളുടെ നിർവ്വഹണത്തിനായി 27-3-2000-ൽ ആകെ 57 ലക്ഷം രൂപ വികസന അതോറിറ്റിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ വെള്ളപ്പൊക്ക നിവാരണത്തിന് 20 ലക്ഷം രൂപയാണ് മുൻകൂറായി അനുവദിച്ചിട്ടുള്ളത്. വൗ. നമ്പർ 835, ചെക്ക് നമ്പർ 952308/27-03-00) 4-10-2001-ലെ കൗൺസിൽ യോഗത്തിലെ 4-ാം നമ്പർ തീരുമാന പ്രകാരം വെള്ളപ്പൊക്ക നിവാരണ പദ്ധതി പ്രകാരമുള്ള യാതൊരു ജോലിയും അതുവരെ നിർവ്വഹിച്ചിട്ടില്ലാത്തതിനാലും ഇതുമായി ബന്ധപ്പെട്ട് പുതിയ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതിനാലും മുൻകൂർ നൽകിയ തുക തിരികെ നൽകാൻ ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. എന്നാൽ ഈ തുക വികസന അതോറിറ്റി തിരികെ നൽകിയതു സംബന്ധിച്ചോ വിനിയോഗിച്ചതു സംബന്ധിച്ചോ ഉള്ള രേഖകൾ പരിശോധനയ്ക്ക് നൽകാൻ ഓഡിറ്റിൽ നിന്നും 7-1-2006, 17-1-2006, 22-7-2006 തീയതികളിലെ കത്തു പ്രകാരം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഒരു മറുപടി പോലും നൽകാൻ നഗരസഭ കൂട്ടാക്കിയില്ല. ഇത് വളരെ ഗുരുതരമായ കൃത്യവിലോപമായി കാണുന്നു.

വെള്ളപ്പൊക്ക നിവാരണ പദ്ധതിക്ക് സമാന്തരമായി എം.ജി. റോഡ് വികസനം, കിഴക്കേകോട്ടയിലെ ബസ്ബേ നിർമ്മാണം എന്നിവയ്ക്ക് യഥാസമയം 34 ലക്ഷം, 3 ലക്ഷം എന്നിങ്ങനെ ആകെ 37 ലക്ഷം രൂപ നൽകിയതിന്റെ വിനിയോഗത്തെ സംബന്ധിച്ചും നഗരസഭ മൗനം പാലിക്കുന്നു. ഈ ഇനങ്ങളിൽ ട്രിഡയിൽ നിക്ഷേപിച്ചിട്ടുള്ള 57 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണ്. ഈ ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആകെ 57 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ വിശേഷാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം 2006, ഓഡിറ്റ് ഖണ്ഡിക 2.28)

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

108. "ഓഡിറ്റ് വിഷയത്തിൽ പരാമർശിച്ചിരിക്കുന്ന 57 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് TRIDA-ക്ക് കത്ത് നൽകിയിട്ടുണ്ട്".

109. തമ്പാനൂരിൽ എന്ത് വർക്കാണ് ട്രിഡ ചെയ്തതെന്ന് സമിതി ആരാഞ്ഞതിന് തമ്പാനൂരിൽ പണി ചെയ്യാൻ കോർപ്പറേഷൻ ട്രിഡയ്ക്ക് കാശ് കൊടുത്തുവെന്നും,

ട്രിഡ അവിടെ പല പ്രാവശ്യമായി ധാരാളം പണി ചെയ്തിട്ടുണ്ടെങ്കിലും, അവിടെ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

110. **ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നല്കിയില്ലെങ്കിൽ ആയത് ലയബിലിറ്റി ആയി കണക്കാക്കുമെന്നും, ഓഡിറ്റിനെ സംബന്ധിച്ച കാര്യങ്ങൾക്ക് വ്യക്തമായി മറുപടി നൽകുന്നതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കണമെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

111. **പദ്ധതിയുമായി ബന്ധപ്പെട്ട് ട്രിഡ പണി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും, പണി നടത്തിയിട്ടില്ലെങ്കിൽ ട്രിഡയ്ക്ക് നല്കിയ തുക റിയലൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2012 ഡിസംബർ 18.

വർക്കല കഹാർ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം കോർപ്പറേഷൻ | 5 | റോഡ് റോളർ ഉപയോഗിച്ചതിന്റെ വാടക ഈടാക്കിയ ഇനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടില്ലെന്ന സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ,, | 18 | വ്യക്തമായ നടപടിക്രമങ്ങൾ ഉള്ളപ്പോൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ ഹിതമനുസരിച്ച് തീരുമാനമെടുക്കുന്നത് ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ചട്ടപ്രകാരമല്ലാതെ ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കണമെന്നും ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച എസ്റ്റിമേറ്റിന്റെയും ടെണ്ടർ നടപടികളുടെയും ഫയലുകൾ പരിശോധിച്ച് അടിയന്തിരമായി വിശദീകരണം നൽകി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 3 | ,, | 21 | ബന്ധപ്പെട്ടവരിൽ നിന്നും കുടിശ്ശിക തുക പിരിച്ചെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും അതിന്റെ വൗച്ചർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 26 | ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിക്കാൻ കോർപ്പറേഷൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്ത കേസുകളിൽ, |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എത്ര കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കണമെന്നും, പൂർത്തിയാകാത്ത കേസുകളിൽ അടിയന്തിരമായി കുറ്റക്കാരെ കണ്ടെത്തി തുക 12% പലിശയോടുകൂടി തിരിച്ചുപിടിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 5 | തിരുവനന്തപുരം കോർപ്പറേഷൻ | 30 | മണ്ണ് ഉപയോഗപ്രദമല്ലെങ്കിൽ അക്കാര്യം യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പണികൾ നിർവ്വഹിച്ച ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി അവരിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ,, | 34 | വിവിധ വർക്കുകൾക്കായി ഇലക്ട്രിസിറ്റി ബോർഡിലും, വാട്ടർ അതോറിറ്റിയിലും തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ പ്രസ്തുത വർക്കുകൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ്, ബന്ധപ്പെട്ട അതോറിറ്റിക്ക് നൽകണമെന്നും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭ്യമാക്കിയില്ലെങ്കിൽ അതിന്റെ മുഴുവൻ ബാദ്ധ്യതയും ഡെപ്പോസിറ്റ് തുക വാങ്ങുന്നവർക്കായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 7 | ,, | 35 | ഇലക്ട്രിസിറ്റി ബോർഡ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ കമ്മിറ്റി കൂടി വർക്ക് മോണിട്ടർ ചെയ്യാറുണ്ടെന്നും, വർക്ക് ചെയ്തില്ലെങ്കിൽ അവരെക്കൊണ്ട് ചെയ്യിപ്പിക്കാറുണ്ടെന്നുമുള്ള കോർപ്പറേഷന്റെ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | തിരുവനന്തപുരം കോർപ്പറേഷൻ | 38 | ടാർ വീപ്പ ഇടപാടിലെ കുടിശ്ശിക തുക കൺവീനറിൽ നിന്ന് ഈടാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും, അതിന് സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഒരു മാസത്തിനുള്ളിൽ തുക ഈടാക്കണമെന്നുമുള്ള സമിതി യുടെ നിർദ്ദേശം നാളിതുവരെ പാലിക്കപ്പെടാത്തത് സമിതി വളരെ ഗൗരവമായി കാണുന്നു. കൺവീനർമാരിൽ നിന്നും കുടിശ്ശികത്തുക നാളിതുവരെ ഈടാക്കാൻ സാധിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | ,, | 42 | സംസ്ഥാന ഖജനാവിന് നഷ്ടംവന്ന തുക ശേഷിക്കുന്ന ബില്ലിൽനിന്ന് ഈടാക്കിക്കൊള്ളാൻ പന്ത്രണ്ട് കരാറുകാർ സമ്മതം എഴുതി തന്നിട്ടുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിൻപ്രകാരം പ്രസ്തുത തുക കരാറുകാരിൽനിന്നും രണ്ടു മാസത്തിനുള്ളിൽ ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയതു സംബന്ധിച്ച റിപ്പോർട്ടുകളൊന്നുംതന്നെ സമർപ്പിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. പ്രസ്തുത തുക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 47 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിംഗിനുമുമ്പുതന്നെ ഈ ഫയൽ എ.ജി. ഓഡിറ്റ് നടത്തിയതായും ഈ വിഷയം ഡ്രോപ്പ് ചെയ്യാൻ എഴുതിത്തന്നിട്ടുള്ളതായും ബന്ധപ്പെട്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ, എ.ജി. വെരിഫൈ ചെയ്ത സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, എ.ജി. യുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ഓഡിറ്റ് പരാമർശങ്ങൾ ഒന്നുതന്നെയാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 11 | തിരുവനന്തപുരം കോർപ്പറേഷൻ | 50 | കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും ആയതിന്റെ റിപ്പോർട്ട് കാലതാമസം വിനാ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 12 | ,, | 53 | പൊതുമരാമത്ത് വകുപ്പിന് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും മറുപടിയൊന്നും ലഭ്യമായിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. വെറുതെ കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ച് മറുപടി കാത്തിരിക്കുന്നതിൽ നിന്നും, കോർപ്പറേഷന് ഈ വിഷയത്തിൽ യാതൊരു വിധത്തിലുള്ള താൽപ്പര്യമോ ഉത്തരവാദിത്തമോ ഇല്ല എന്ന് സമിതി വിലയിരുത്തുന്നു. കടമായി നൽകിയ ബിറ്റുമിൻ തിരികെ ലഭിക്കാൻ കർശനമായ തുടർനടപടികൾ സ്വീകരിക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 13 | ,, | 56 | ഓഡിറ്റ് നിരാകരിച്ച തുക പ്രസ്തുത കാലയളവിലെ ഉദ്യോഗസ്ഥരിൽ നിന്നും ഒരു മാസത്തിനുള്ളിൽ ഈടാക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. തുക തിരിച്ചടയ്ക്കാത്ത ബന്ധപ്പെട്ട ജീവന ക്കാരിൽ നിന്നും നഷ്ടംവന്ന തുക അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |
| 14 | തിരുവനന്തപുരം കോർപ്പറേഷൻ | 58 | ഓഡിറ്റ് പരാമർശത്തിന് വ്യക്തമായ വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ നൽകിയിട്ടില്ലാത്തതിനാൽ പ്രവൃ ത്തിയുടെ മേൽനോട്ടം വഹിച്ചിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നി വരുടെ ശമ്പളത്തിൽ നിന്ന് തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | ,, | 60 | കരാറുകാരനിൽ നിന്ന് തുക ഈടാക്കി യതിന്റെ രേഖകൾ പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 63 | കോർപ്പറേഷന് ഉണ്ടായ നഷ്ടം കരാറു കാരനിൽ നിന്നും ഈടാക്കിയതായുള്ള രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേ ശിക്കുന്നു. |
| 17 | ,, | 66 | നിയുക്ത സ്ഥലം സന്ദർശിക്കാതെ എസ്റ്റിമേറ്റ് എടുക്കുന്നതുകൊണ്ട് സംഭവിക്കുന്ന ഇത്തരം പോരായ്മകൾ ഒഴിവാക്കുന്നതിനായി ഭാവിയിൽ പുതിയ തായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ശ്രദ്ധയും പരിശോധനയും നടത്തണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | തിരുവനന്തപുരം കോർപ്പറേഷൻ | 69 | ശരിയായ രീതിയിലുള്ള അന്വേഷണത്തിന്റെ അഭാവംമൂലം ഇല്ലാത്ത ഒരു പണിക്കുവേണ്ടി പ്രോജക്ട് തയ്യാറാക്കുക, പത്രത്തിൽ പരസ്യം കൊടുക്കുക, ടെണ്ടർ ക്ഷണിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചതുമൂലം നഗരസഭാഫണ്ട് പാഴാക്കിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | ,, | 70 | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശമുള്ള വർക്ക് നടന്നിട്ടില്ല എന്നുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 20 | ,, | 73 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വീടുകൾ വയറിംഗ് നടത്തിയതിൽ ഇനിയും കണ്ടെത്താനുള്ള ഫയലുകൾ കണ്ടെത്തി അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ആയതു പരിശോധിച്ച് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 21 | ,, | 75 | കരാറുകാരനിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത രേഖകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 22 | ,, | 78 | കരാറുകാരനിൽനിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | തിരുവനന്തപുരം കോർപ്പറേഷൻ | 82 | എം. ബുക്ക് എഴുതി ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യ മാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. നഷ്ടപ്പെട്ടുവെന്നു പറയുന്ന എം. ബുക്ക് അടിയന്തിരമായി കണ്ടെത്തി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, അതിനു സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ബാദ്ധ്യത തുക ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 24 | ,, | 85 | വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വേലയ്ക്ക് കോർപ്പറേ ഷൻ പണം നൽകാനുണ്ടെങ്കിൽ അതിൽ നിന്നും 28,000 രൂപ കുറച്ച് ബാക്കി പണം അഡ്ജസ്റ്റ് ചെയ്യുന്ന തിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വർക്ക് പൂർത്തീകരിച്ചു എന്ന കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 25 | ,, | 88 | നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാ ക്കിയതിന്റെ രേഖകൾ പരിശോധന യ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 26 | ,, | 92 | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശി ക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | തിരുവനന്തപുരം കോർപ്പറേഷൻ | 95 | നഗരശുചീകരണമെന്നത് മുഖമുദ്രയായി എടുത്തിട്ടുള്ള കോർപ്പറേഷൻ, ലാട്രിൻ നിർമ്മാണം പോലെയുള്ള ഒരു ജനോപകാരപ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ലാട്രിൻ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കിയില്ലെങ്കിൽ അത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായിത്തീരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സെക്രട്ടറിയും, ബന്ധപ്പെട്ട എഞ്ചിനീയറും കൂടി നേരിട്ട് സ്ഥലം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | ,, | 98 | കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 29 | ,, | 102 | പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെ പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് ടിയാനിൽ നിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 30 | ,, | 107 | ഓഡിറ്റ് പരാമർശം സംബന്ധിച്ച സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | തിരുവനന്തപുരം കോർപ്പറേഷൻ | 110 | ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നല്കിയില്ലെങ്കിൽ ആയത് ലയബിലിറ്റി ആയി കണക്കാക്കുമെന്നും, ഓഡിറ്റിനെ സംബന്ധിച്ച കാര്യങ്ങൾക്ക് വ്യക്തമായി മറുപടി നൽകുന്നതിനുള്ള ഉത്തരവാദിത്വം കോർപ്പറേഷനിലെ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കണമെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 32 | ,, | 111 | പദ്ധതിയുമായി ബന്ധപ്പെട്ട് ട്രിഡ പണി നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങി പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നല്കണമെന്നും, പണി നടത്തിയിട്ടില്ലെങ്കിൽ ട്രിഡയ്ക്ക് നല്കിയ തുക റിയലൈസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |